
# മനുഷ്യ ജീവിതത്തിന്റെ നീർച്ചാലുകൾ




ഡോക്ടർ ജോർജ്ജ് പ്ളാവിളയിൽ

www.malankaralibrary.com

# മനുഷ്യജീവിതത്തിന്റെ നീർച്ചാലുകൾ

ഡോ. ജോർജ്ജ് പ്ലാവിളയിൽ

1999

www.malankaralibrary.com

# Manushyajeevethathavte Neerchalukal
(Malayalam)

by

**Dr. George Plavilayil**
Thattayil, Adoor, PTA

First Edition : 1999

Price Rs. 20

Right Reserved

*Published by :*

New Wave Writers Association
Destribution Sophia Centre TVM,
Plavilayil, Thattayil

*Printed by :*


Able Printing Press (Pvt.Ltd.)
Pathanamthitta.
Phone : 321327, 323127

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com

**ഞങ്ങളുടെ പിതാവും ഗായകനും കവിയുമായ**
**പി. കെ. വറുഗീസ് പ്ളാവിളയിൽ**
**അവർകൾക്ക്**
**ജന്മശതാബ്ദിയുടെ**
**ആദരാഞ്ജലികൾ അർപ്പിക്കുന്നു**




ജനനം - 10 - 9 - 1900

മരണം - 9 - 7 - 1987

*പ്ലാവിളയിൽ കുടുംബാംഗങ്ങൾ.*


www.malankaralibrary.com



വത്സല പിതാവിനോടൊപ്പം

www.malankaralibrary.com

# സമർപ്പണം



*പൗരോഹിത്യം - 14 - 3 - 1959*

*എന്നെ അർപ്പണ വേദിയിലേക്കു നയിച്ച മാതാപിതാക്കൾക്കും, ഗുരുജനങ്ങൾക്കും, ആചാര്യ ശുശ്രൂഷയിൽ സഹകരിച്ചവർക്കും, രോഗത്തിലായിരുന്നപ്പോൾ പരിചരിച്ചവർക്കും നാല്പതു വർഷത്തെ പൗരോഹിത്യശുശ്രൂഷയിൽ ബന്ധപ്പെട്ടവർക്കും, ബന്ധപ്പെടാനിരിക്കുന്നവർക്കും.*

*എന്റെ കൃതജ്ഞതോപഹാരം!*

*ഫാദർ ജോയിസ്.*

www.malankaralibrary.com

# താളുകളിൽ

അർപ്പണം

അവതാരിക.

ആശംസ

ആമുഖം

കഴിഞ്ഞ കാലങ്ങളിൽ

പൗരോഹിത്യധർമ്മം

ദിവ്യബലി, വി. കുർബ്ബാന, കൂദാശ

ക്യംതോ നമസ്ക്കാരത്തിന് അർത്ഥം, വിശദീകരണം

ക്യംതോ കുർബ്ബാനയ്ക്ക് വിശദീകരണം



*ഷഷ്ടബ്ദപൂർത്തിയാഘോഷവേളയിൽ*

www.malankaralibrary.com

# അർപ്പണം

നിത്യപുരോഹിതനായ യേശുക്രിസ്തുവേ, അങ്ങയുടെ വിളി കേട്ട് ഈ ദാസൻ വന്നിരിക്കുന്നു. അവിടുന്ന് ഈ എളിയവനെ അങ്ങയുടെ സ്വന്തമാക്കിത്തീർത്തല്ലോ. അങ്ങയുടെ ദിവ്യദാനങ്ങൾ പകർന്നുതന്ന് എന്നെ അവിടുന്നു നിറച്ചുവല്ലോ. കഴിഞ്ഞ മുപ്പത്തിമൂന്നു വർഷവും രോഗത്തിൽ കൂടി കടന്നു പോയപ്പോൾ എന്നോടൊപ്പം അങ്ങുണ്ടായിരുന്നല്ലോ.

ഈ ഭൂതലം നിർമ്മിതമാകുന്നതിനു മുൻപുതന്നെ എന്നോടു സ്നേഹം കാണിക്കുകയും കൃപകൾ ചൊരിഞ്ഞുതരികയും ചെയ്തുവല്ലോ. എന്റെ ബലഹീനതയിൽ എന്നെ സ്വീകരിച്ച് നിന്റെ ഇഷ്ടത്തിനൊത്ത് മേലിൽ നടപ്പാൻ കൃപ തരണമേ.

ആചാര്യനായ മൽക്കീസദേക്കിനെപ്പോലെ ബലിയർപ്പിച്ച് സമ്പൂർണ്ണ അർപ്പണബോധത്തോടു ജീവിക്കാനുള്ള മഹാദാനം നൽകണമേ.

ഭാഗ്യസ്മരണാർഹരനായ മാർ ഈവാനിയോസ് അവസാനമായി എനിക്കുതന്ന വെള്ളവസ്ത്രം (1952 മെയ് 30ന്) ഉപേക്ഷിച്ചു പോകാൻ പ്രലോഭിതനായപ്പോഴെല്ലാം ശക്തിയും ബലവും തന്ന് സംരക്ഷിച്ച അങ്ങയുടെ മഹാ കരുണയ്ക്ക് നന്ദിയോടെ എന്നെത്തന്നെ ഞാൻ സമർപ്പിക്കുന്നു.

ഹാബേലും അബ്രഹാമും ചെയ്ത അർപ്പണം പോലെ കന്യകമറിയത്തിന്റെ അർപ്പണം പോലെ ഈ കാഴ്ചയും സ്വീകരിക്കണമേ. ആത്മാവിന്റെ നിറവിൽ നിരന്തരം എന്നെ വ്യാപരിപ്പിക്കണമേ. ആമ്മേൻ.

www.malankaralibrary.com

MOST REV. CYRIL MAR BASELIOS
METROPOLITAN ARCHBISHOP OF TRIVANDRUM

ARCHBISHOP'S HOUSE,
TRIVANDRUM -695 004
KERALA, INDIA
Ph: 0471-541642/541643
Fax: (+91) 471 - 541 635
E-mail: archbp03@md3.vsnl.net.in

# അവതാരിക

സ്വർഗ്ഗത്തിൽ മഹിമയുടെ സിംഹാസനത്തിന്റെ വലതുവശത്തിരിക്കുന്ന ഒരു പ്രധാന പുരോഹിതൻ നമുക്കുണ്ട്. ആ പ്രധാന പുരോഹിതനായ യേശുക്രിസ്തുവിലൂടെ മനുഷ്യകുലത്തിന് കൈവന്ന രക്ഷയുടെ സദ്വാർത്ത ജറുസലേം മുതൽ ലോകത്തിന്റെ അതിർത്തികൾവരെയും എത്തിക്കുന്നതിന് അപ്പസ്തോലന്മാരേയും അവരുടെ പിൻഗാമികളെയും അഭിഷേകം ചെയ്യുകയുണ്ടായി.

മലങ്കരസഭയുടെ പ്രഥമ മെത്രാപ്പോലീത്തൻ ആർച്ചുബിഷപ്പും പുനരൈക്യപ്രസ്ഥാനത്തിന്റെ സ്ഥാപകനുമായ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായാൽ അഭിഷേകം ചെയ്യപ്പെട്ട ബ. ജോർജ്ജ് പ്ലാവിളയിലച്ചന്റെ ജൂബിലി സ്മാരകമായി പ്രസിദ്ധപ്പെടുത്തുന്ന 'മനുഷ്യജീവിതത്തിന്റെ നീർച്ചാലുകൾ' എന്ന ഗ്രന്ഥം അവതരിപ്പിക്കുന്നതിന് നമുക്ക് അതിയായ സന്തോഷം ഉണ്ട്.

നമ്മുടെ കർത്താവിന്റെ ജനനവും ജീവിതവും മരണവും ഉയിർപ്പും വഴിയാണ് മനുഷ്യരാശിക്ക് രക്ഷ സംലഭ്യമായത്. അതിന്റെ പുനരർപ്പണമാണ് വി. കുർബാന. വി. കുർബാനയിൽ സജീവമായി പങ്കുകൊള്ളുന്നതിന് ഈ ഗ്രന്ഥം ഉപകരിക്കുമെന്നുള്ളതിൽ സംശയമില്ല. ഈ പുസ്തകം ഉപയോഗിച്ച് വിശ്വാസികൾ പരിശുദ്ധ കുർബാനയിൽ സജീവമായി പങ്കുകൊള്ളുന്നത് അനുഗ്രഹപ്രദമാണ്. ബ. ജോർജ്ജ് പ്ലാവിളയിലച്ചനെയും ഈ ഗ്രന്ഥം ഉപയോഗിക്കുന്ന ഏവരെയും എപ്പോഴും പ്രത്യേകിച്ച് ഈ മഹാജൂബിലി സംവത്സരത്തിലും ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

+ Mar Baselios

മോസ്റ്റ് റവ. സിറിൽ മാർ ബസേലിയോസ്,
മലങ്കര മെത്രാപ്പോലീത്താ,
തിരുവനന്തപുരം മെത്രാപ്പോലീത്തൻ ആർച്ചുബിഷപ്പ്.

തിരുസന്നിധി
1-1-1999

www.malankaralibrary.com

# ആശംസ

നമുക്ക് എത്രയും സ്നേഹിക്കപ്പെട്ടവനായ ഡോക്ടർ ജോർജ്ജ് പ്ലാവിളയിലച്ചൻ രചിച്ച് തന്റെ പൗരോഹിത്യ വാർഷികാ ചരണത്തോടനുബന്ധിച്ച് പ്രസിദ്ധപ്പെടുത്തുന്ന 'മനുഷ്യജീവിതത്തിന്റെ നീർച്ചാലുകൾ' എന്ന പുസ്തകം നാം വായിക്കുകയുണ്ടായി.

സാധാരണ ജനങ്ങൾ ആരാധനയ്ക്ക് പതിവായി ഉപയോഗിക്കുന്ന കൃംതാപ്രാർത്ഥനയ്ക്കും കുർബാനയ്ക്കും ഉള്ള വാക്കുകളും അതിന്റെ അർത്ഥവും അവർക്കുതന്നെ വ്യക്തമാകുവാൻ തക്കവിധത്തിൽ ലളിതമായ ഭാഷയിൽ വിശദീകരിച്ച അദ്ദേഹത്തിന്റെ പുസ്തകം ശ്ലാഘനീയമാകുന്നു.

ഈ പുസ്തകം ഉപയോഗിക്കുന്നതുവഴി വിശ്വാസികൾ സജീവമായി കാര്യഗ്രഹത്തോടെ ആരാധനയിൽ പങ്കെടുക്കുന്നതിന് സാധിക്കട്ടെ എന്ന് നാം ആശംസിക്കുന്നു.

മഹാജൂബിലിയുടെ ഈ അവസരത്തിൽ ദൈവാനുഗ്രഹം എല്ലാവർക്കും നാം ആശംസിക്കുകയും ബ. അച്ചനെ സർവ്വശക്തനായ ദൈവം അനുഗ്രഹിക്കട്ടെ എന്ന് നാം പ്രാർത്ഥിക്കുകയും ചെയ്യുന്നു.

മാർ ഒസ്താത്തിയോസ് ബന്യാമിൻ ജോസഫ് മെത്രാപ്പോലീത്താ

(ഒപ്പ്)

മഞ്ഞനിക്കര

14-1-1999

www.malankaralibrary.com

## ആമുഖം

ആയിരത്തിതൊള്ളായിരത്തി നാല്പത്തി ഏഴിൽ (1947) വള്ളിക്കോട്-കോട്ടയം പള്ളിയുടെ കൂദാശയ്ക്ക് ഞാനും എന്റെ പിതാവും കൂടി പോയിരുന്നു. കൂദാശകർമ്മങ്ങരം നിർവഹിച്ചശേഷം ഭാഗ്യസ്മരണാർഹനായ മാർ ഈവാനിയോസ് തിരുമനസ്സുകൊണ്ട് പോകാൻ കാറിൽ കയറി. അപ്പച്ചൻ കൈമുത്തി യാത്ര പറഞ്ഞപ്പോരം അഭിവന്ദ്യ തിരുമേനി കൽപ്പിച്ചു. നിന്റെ ഒരു മകനെ എനിക്കുവേണം. മൂന്നുവർഷം മുൻപ് ഒരാളെ തന്നല്ലോ എന്ന് മറുപടി നല്കി. ജേഷ്ഠന്റെ മകനെ (ഫാ. തോമസ് പ്ലാവിളയിൽ) സെമിനാരിയിൽ വൈദികപഠനത്തിന് കൊണ്ടുപോയത് അപ്പച്ചൻ ഓർമ്മിപ്പിച്ചു. നിന്റെ മകൻ വൈദികനായാലേ നിനക്കുവേണ്ടി പ്രാർത്ഥിക്കൂ എന്നു തിരുമേനി പറഞ്ഞമാത്രയിൽ എന്റെ പിതാവു എന്റെ കൈപിടിച്ചു തിരുമേനിയുടെ കൈയിലേക്കു കൊടുത്തു. ഇവനെ തിരുവനന്തപുരത്ത് സെമിനാരിയിൽ ഈ സ്കൂരംവർഷം തുടങ്ങുമ്പോരം കൊണ്ടുവരിക എന്നു തുടർന്നു കല്പിച്ചു. ആ വർഷം തന്നെ തേർഡ് ഫോം പബ്ലിക് പരീക്ഷയിൽ പാസായ ഞാൻ അപ്പോസ്തലിക് സ്കൂളിൽ ഉപരിപഠനത്തിന് ചേർന്നു.

പട്ടം സെമിനാരിയിൽ താമസിച്ചുകൊണ്ട് സെന്റ് മേരീസ് ഹൈസ്കൂളിൽ വിദ്യാഭ്യാസം പൂർത്തിയാക്കി. സെന്റ് അലോഷ്യസ് മൈനർ സെമിനാരിയിലും മംഗലപ്പുഴ സെന്റ് ജോസഫ് ഫോൻറ്റിഫിക്കൽ സെമിനാരിയിലും പഠിച്ച് 1959-മാർച്ച് 14ന് ഞാൻ വൈദികാഭിഷ്ക്തനായി.

"കർത്താവിന്റെ ആത്മാവ് എന്റെ മേൽ ഉണ്ട്. ദരിദ്രരെ സുവിശേഷം അറിയിക്കുവാൻ അവിടുന്ന് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു. ബന്ധിതർക്കു മോചനവും അന്ധർക്കു കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്കു സ്വാതന്ത്ര്യവും കർത്താവിനു സ്വീകാര്യവുമായ വത്സരവും പ്രഖ്യാപിക്കുവാൻ അവിടുന്നു എന്നെ അയച്ചിരിക്കുന്നു." ഈ തിരുവചനാഹ്വാനം ശിരസാവഹിച്ചു കൊണ്ട് തെക്കൻ തിരുവതാംകൂറിലെ അമ്പിലികോണം, കുളത്തൂർ, പിങ്കുളം, കുളപ്പുറം, തുടങ്ങിയ മിഷ്യനുകളിലും വള്ളിക്കോട്-കോട്ടയം, കുമ്മല്ലൂർ, ചാരുമൂട്, മൈനാഗപ്പള്ളി, പഴകുളം, തുമ്പമൺ നോർത്ത്, ഓമല്ലൂർ കേന്ദ്രങ്ങളായുള്ള ഇടവകകളിലും വൈദികശ്രുശ്രൂഷ നടത്തി.

1976 ആഗസ്റ്റിൽ 41-ാം ദിവ്യകാരുണ്യ കോൺഗ്രസിൽ സംബന്ധിക്കുവാനായി അമേരിക്കയിൽ ഫിലിഡെൽഫിയായിലും തുടർന്ന്

www.malankaralibrary.com

കാനഡാ, റോം, സ്വിറ്റ്സർലണ്ട്, ജർമ്മനി തുടങ്ങിയ രാജ്യങ്ങളും സന്ദർശിക്കുകയുണ്ടായി. 1981-ൽ സിംഗപ്പൂർ, മലേഷ്യ തുടങ്ങിയ രാജ്യങ്ങളിൽ പോയത് പലതും പഠിക്കുന്നതിനും പലരുമായി പരിചയപ്പെടുന്നതിനും അവസരം നൽകി. 1989-ൽ അരിസോണാ വേംഡ് യൂണിവേഴ്സിറ്റിയിൽ നിന്നും ഓണററി ഡോക്ടറേറ്റ് സമ്പാദിക്കുവാൻ രണ്ടാമതും അമേരിക്കൻ ഐക്യനാടുകളിൽ പോകാനുള്ള ഭാഗ്യവും ഉണ്ടായി. Knights of Columbus എന്ന സംഘടനയുടെ അംഗത്വവും ലഭിച്ചു.

1956-ൽ തിരുവല്ലാ, തിരുമൂലയിൽ വച്ച് മലങ്കര ഹൈരാർക്കിയുടെ രജതജൂബിലി ആഘോഷവേളയിൽ 'പാടുന്ന പൂങ്കുയിൽ' എന്ന ഗാനസമാഹാരം ജൂബിലിസ്മരണികയായി പ്രസിദ്ധപ്പെടുത്തി. സാഹിത്യപരമായ വഴിത്തിരിവിലേക്കുള്ള ആദ്യത്തെ കാൽവയ്പായിരുന്നു അത്. അതിനുശേഷം മിഷ്യൻപ്രവർത്തനങ്ങളിൽ പ്രവേശിച്ചതോടെ മങ്ങലേറ്റ സാഹിത്യവാസന വീണ്ടും ഉത്തേജിപ്പിച്ചെടുക്കുവാൻ ഉറ്റ സുഹൃത്ത് ഡോക്ടർ അഗസ്റ്റിൻ ഐസക്കിന്റെ നിർബന്ധവും നിർലോപമായ സഹകരണവും വേണ്ടി വന്നു. "ആത്മാവിന്റെ ചിറകുകൾ, സ്വർണ്ണവീണ, മുൾപടർപ്പിലെ അഗ്നിപുഷ്പം, നിലയ്ക്കാത്ത താളം, സ്വർഗ്ഗതാളം, ഈ തീരത്ത് തുടങ്ങിയ ഗ്രന്ഥങ്ങളും മലങ്കര ദീപം എന്ന ഖണ്ഡകാവ്യവും പ്രസിദ്ധപ്പെടുത്താൻ ഇടയായി. പ്രേമസന്ദേശം, മാർഗ്ഗം കളിപാട്ടുകൾ, പ്രളയമുനി (നോഹയുടെ കപ്പൽ കയറ്റം) തുടങ്ങിയ എന്റെ പിതാവിന്റെ (പി.കെ. വറുഗീസ്, തട്ടയിൽ) കൃതികൾ പുനഃ പ്രസിദ്ധവും ചെയ്യുകയുണ്ടായി.

1950-ൽ അഭിവന്ദ്യ മാർ ഈവാനിയോസ് പിതാവ് വിശ്രമാർത്ഥം ദേവികുളത്തു പോയപ്പോൾ എന്നേയും കൂടെ കൊണ്ടുപോകുകയും ബഥനി സന്യാസസഭയുടെ നിയമങ്ങൾ പകർത്തിയെഴുതുന്നതിന് എന്റെ എളിയ സഹായം സ്വീകരിക്കുകയും ചെയ്തുവെന്നത് ഏറ്റവും നന്ദിപൂർവ്വം ഞാൻ ഇവിടെ അനുസ്മരിക്കുന്നു.

1966 ഏപ്രിൽ 10-ന് ഈസ്റ്റർ ശുശ്രൂഷയെ തുടർന്ന് അനാരോഗ്യവാനായ ഞാൻ അടൂർ ഹോളിക്രോസ് ഹോസ്പിറ്റലിലും തിരുവനന്തപുരം M.C.H. ഹോസ്പിറ്റലിലും അഡ്മിറ്റായി. മൈയോകോർഡിയൽ ഇൻഫാർക്ഷൻ വന്നതിനാൽ M.C.H. ൽ 33 ദിവസം കിടന്ന എന്നെ അത്ഭുതകരമായി നിത്യസഹായ മാതാവു വഴി ദൈവം സംരക്ഷിച്ചു. രണ്ടു വർഷത്തിനുശേഷം വീണ്ടും ഹൃദയ സംബന്ധമായ

www.malankaralibrary.com

രോഗത്താൽ വലഞ്ഞപ്പോഴും ദൈവകരങ്ങൾ അത്ഭുതകരമായി എന്നെ തലോടി. വീണ്ടും 33 വർഷം ഔഷധത്തിലൂടെയും പ്രാർത്ഥന യിലൂടെയും ജീവിച്ചു. ഈ കഴിഞ്ഞ നവ. 8ന് 67-ാം വയസ്സിൽ പ്രവേ ശിച്ചു. പൗരോഹിത്യശുശ്രൂഷയുടെ നാല്പതാം വർഷത്തിൽ കൃതജ്ഞ താ സ്തോത്രവുമായി, ഞാൻ എല്ലാവരുമൊത്ത് എന്നെ ദൈവത്തിനു സമർപ്പിക്കുന്നു. ഈ സന്ദർഭം, എന്റെ പ്രിയ പിതാവിന്റെ ജന്മശതാബ്ദി കൂടിയാണെന്നത് എനിയ്ക്ക് ഏറ്റം അധികം സന്തോഷം നൽകുന്ന വസ്തുതയാണ്.

ഈ ഗ്രന്ഥത്തിന്റെ രചനയിൽ എന്നെ സഹായിച്ച ഉറ്റ സുഹൃ ത്ത് റവഃ പ്രൊഫ. ഡാനിയേൽ അയ്യനേത്ത് M.A.LPh, LD അവർക ളോടുള്ള കൃതജ്ഞത രേഖപ്പെടുത്തുന്നു. ഇതിന് പ്രൗഢഗംഭീരമായ ഒരു അവതാരിക എഴുതിതന്ന മലങ്കര മെത്രാപ്പോലീത്തൻ ആർച്ച് ബിഷപ്പ് മോസ്റ്റ് റവ. ഡോക്ടർ സിറിൽ മാർ ബസേലിയോസിന് നന്ദി യുടെ പൂച്ചെണ്ടുകൾ അർപ്പിക്കുന്നു. ആശംസകൊണ്ട് ഇതിനെ ധന്യ മാക്കിയ സിംഹാസന പള്ളികളുടെ തലവൻ മോസ്റ്റ് റവ. മാർ ഒസ്താത്യോസ് ബന്യാമിൻ ജോസഫ് തിരുമേനിയോടും റവ. ഫാ. ഡോമിനിക്ക് സഖറിയായോടും ഭംഗിയായിമുദ്രണം നിർവഹിച്ച പത്ത നംതിട്ട Able Printing Press (Pvt.Ltd.) നോടുള്ള കടപ്പാടും രേഖപ്പെടുത്തുന്നു.

കഴിഞ്ഞകാല ജീവിതത്തിൽ എന്നെ സഹായിച്ചവരും വഴിനട ത്തിയവരുമായ എല്ലാവർക്കും പ്രാർത്ഥനാപൂർവ്വമായ നന്ദി. പ്രായ ത്തിന്റെയും രോഗത്തിന്റെയും ആലസ്യങ്ങളിൽ കൂടി കടന്നുപോകു മ്പോൾ ദൈവമേ സ്തോത്രം എന്നു പാടാൻ ആഗ്രഹിക്കുന്നു.

ദൈവമേ സ്തോത്രം !.



*(ഗ്രന്ഥകാരൻ സഹോദരങ്ങളോടൊത്ത്)*

www.malankaralibrary.com

# ജീവന്റെ ഉറവ

ആത്മവിശുദ്ധി സമ്പാദിച്ച് ആത്മരക്ഷനേടുകയാണ് മനുഷ്യ ജീവിതത്തിന്റെ പരമമായ ലക്ഷ്യം. സൃഷ്ടികർമ്മം വഴിയായി ഈ ലോകത്തിലേക്കു വന്ന മനുഷ്യൻ ലോകജീവിതം പൂർത്തിയാക്കിയതിനു ശേഷം സ്രഷ്ടാവിനെത്തന്നെ പ്രാപിക്കുന്നതാണ് "ആത്മരക്ഷ". ഇതാണ് സ്വർഗ്ഗപ്രാപ്തി. നിത്യജീവൻ, പരമാനന്ദം, പരലോകജീവിതം, സായൂജ്യം എന്നെല്ലാം പേരുകൾ പറയാറുണ്ട്.

എല്ലാവിധത്തിലും പരിമിതനായ മനുഷ്യന് സർവ്വസമ്പൂർണ്ണനായ സ്രഷ്ടാവിനെ പ്രാപിക്കാൻ അവിടുത്തെ സഹായം കൂടാതെ സാധിക്കുകയില്ല. എല്ലാ മനുഷ്യർക്കും ഈ സഹായം ഒരു വിധത്തിലല്ലെങ്കിൽ മറ്റൊരുവിധത്തിൽ ദൈവം നല്കുന്നുണ്ട്. ആദിമാതാപിതാക്കന്മാരുടെ പാപം വഴി ആത്മീയ ജീവൻ (വരപ്രസാദം) നഷ്ടപ്പെട്ട മനുഷ്യനെ വ്യക്തിപരമായും സാമൂഹികമായും ഉദ്ധരിക്കാൻ(രക്ഷയുടെ മാർഗ്ഗത്തിലേക്കു കൊണ്ടുവരുവാൻ) ദൈവം തന്റെ ഏകപുത്രനെ ഈ ലോകത്തിലേക്ക് അയച്ച സ്നേഹത്തിന്റെ ഫലമാണ് സൃഷ്ടി. അതേ സ്നേഹത്തിന്റെ ഫലമാണ് വീണ്ടെടുപ്പിൽ കൂടിയുള്ള രക്ഷയും. താഴെ ഉദ്ധരിക്കുന്ന വാക്കുകളിൽ ഇതു സുതരാം വ്യക്തമാണ്. "തന്റെ ഏകജാതനിൽ വിശ്വസിക്കുന്ന ഏതൊരുവനും നശിച്ചു പോകാതെ നിത്യജീവൻ പ്രാപിക്കുന്നതിനു വേണ്ടി ആ ഏകജാതനെ നൽകുവാൻ തക്കവണ്ണം ദൈവം ലോകത്തെ(മനുഷ്യസഞ്ചയത്തെ) അത്രയ്ക്കും സ്നേഹിച്ചു." യോഹ. 3:16 അപ്പോൾ ക്രിസ്തുവിലുള്ള വിശ്വാസമാണ് ആത്മരക്ഷയുടെ മാർഗ്ഗമെന്നും സിദ്ധിക്കുന്നു. യേശു കല്പിച്ചതെല്ലാം അനുസരിക്കുകയും പറഞ്ഞതെല്ലാം ചെയ്യുകയുമാണ് വിശ്വാസജീവിതം. കല്പനകൾ പാലിക്കുക, വിശുദ്ധിക്കായി തുറന്നു തന്ന മറ്റുമാർഗ്ഗങ്ങൾ ഓരോരുത്തരും ജീവിതത്തിൽ സ്വീകരിക്കുക എന്നിവയാണ് ക്രൈസ്തജീവിതത്തിന്റെ അടിസ്ഥാനം.

ദൈവപുത്രൻ മനുഷ്യപുത്രനായി ജനിച്ച്, പീഡാനുഭവും, കുരിശുമരണവും,പുനരുത്ഥാനവും വഴി മനുഷ്യരെ ആത്മവിശുദ്ധിയുടേയും ആത്മരക്ഷയുടേയും മാർഗ്ഗത്തിലേക്കു കൊണ്ടുവന്നു. യേശു തുറന്ന രക്ഷയുടെ മാർഗ്ഗം ഓരോരുത്തരും സ്വന്തമാക്കണം. നാം രക്ഷിക്കപ്പെട്ടവരാണെന്നു പറയുന്നതിനേക്കാൾ കൂടുതൽ ശരി രക്ഷനേടാൻ കഴിയുന്നവരാണെന്നുപറയുന്നതാണ്. വിശുദ്ധിയുടെ മാർഗ്ഗങ്ങളിൽ കൂടിയാണ് രക്ഷ നേടാൻ കഴിയുന്നത്. രക്ഷകന്റെ ജീവിതത്തിന്റെ

www.malankaralibrary.com

തുടർച്ചയെന്ന് വിശേഷിപ്പിക്കാവുന്ന "തിരുസഭ" തന്നെയാണ് വിശുദ്ധിയുടേയും രക്ഷയുടേയും പൂർണ്ണമാർഗ്ഗം. അതിനാലാണ് സഭ ഒരു "കൂദാശ" (നിഗൂഢവിശുദ്ധം) എന്നു വിശേഷിക്കപ്പെടുന്നത്. വിശുദ്ധിയുടെ മാർഗ്ഗങ്ങളായ ഏഴു കൂദാശകളും ദിവ്യബലിയും മറ്റ് ആരാധന ക്രമങ്ങളും (Liturgy) ദൈവവചനവും (ബൈബിൾ) സഭ തന്റെ അംഗങ്ങൾക്കായി നല്കുന്നു. വാസ്തവത്തിൽ ഇവ യേശു തന്നെ തരുന്ന ആത്മവിശുദ്ധിയുടേയും മാർഗ്ഗങ്ങൾ ആണ്. ഇവയിൽ സുപ്രധാന മാർഗ്ഗം ദിവ്യബലി (Holy Eucharist) ആണെന്നു പറയാൻ മടിക്കേണ്ടതില്ല.

## ദിവ്യബലി; വിശുദ്ധകുർബ്ബാന

സൂര്യന്റെ ചൂടും പ്രകാശവും ഊർജ്ജവും ജീവികൾക്ക് ഒഴിച്ചുകൂടാൻ പാടില്ലാത്തവയാണ്. അതുപോലെ ക്രൈസ്തവ ആത്മീയ ജീവിതത്തിന് തേജസ്സും ചൈതന്യവും നല്കുന്ന ആത്മീയ സൂര്യനാണ്, യേശുക്രിസ്തു. അവിടുന്നു തന്നെയാണ് വിശുദ്ധകുർബാനയും "ദൈവമേ നീ കുർബാനയാകുന്നു..."

## വി. കുർബാന

കുർബാന എന്ന സുറിയാനി പദത്തിന് അർപ്പണം, ബലി എന്നൊക്കെ അർത്ഥം പറയാം. വി. കുർബാന ഒരേ സമയത്ത് ബലിയും കൂദാശയുമാണ്. ഒരു നാണയത്തിന്റെ ഇരു വശങ്ങൾ പോലെയെന്നു കരുതിയാൽ മതിയാകും.

## വി. കുർബാന എന്ന ദിവ്യബലി

സ്രഷ്ടാവായ ദൈവത്തെ ആരാധിക്കുക സൃഷ്ടിയുടെ കടമയാണ്. ദൃശ്യസൃഷ്ടിയുടെ സമാഹാരത്തിന് പ്രപഞ്ചം എന്നുപറയുന്നു. മനുഷ്യരൊഴികെയുള്ള പ്രപഞ്ചത്തിന് Macrocosmos എന്ന ഗ്രീക്കുപദം. (വലിയ പ്രപഞ്ചം) ഇതിൽ ഭൂമിയും അതിലുള്ള മൂർത്ത വസ്തുക്കളും സസ്യങ്ങളും, മൃഗങ്ങളും, സമുദ്രവും അതിലെ ജീവികളും ആകാശവും അതിലെ നക്ഷത്രസമൂഹങ്ങളും ഇതരഗോളങ്ങളും എല്ലാം ഉൾപ്പെടുന്നു. ഇവയെല്ലാം അവയുടെ അസ്തിത്വം കൊണ്ടുതന്നെ ദൈവത്തെ ആരാധിക്കുന്നെന്നു പറയാം. "ആകാശങ്ങൾ ദൈവത്തിന്റെ മഹത്വത്തെ അറിയിക്കുന്നു. ആകാശത്തട്ട് അവന്റെ കൈവേലയെ കാണിക്കുന്നു." പ്രപഞ്ചത്തിലെ സൗന്ദര്യവും ക്രമീകരണങ്ങളും പക്ഷിമൃഗാദികളുടെ അവ്യക്തശബ്ദങ്ങളും , മൂകമായ ആരാധനതന്നെയാണ്.

www.malankaralibrary.com

മനുഷ്യന്റേത് ഒരു കൊച്ചു പ്രപഞ്ചമാണ്. വലിയ പ്രപഞ്ചത്തിലെ കൊച്ചുപ്രപഞ്ചം. പക്ഷേ ഈ വലിയ പ്രപഞ്ചത്തിന്റെ കിരീടവും രാജാവുമാണ് "മനുഷ്യൻ". ഇതിന്റെ കാരണം മനുഷ്യൻ ദൈവത്തിന്റെ പ്രതിച്ഛായയിൽ സൃഷ്ടിക്കപ്പെട്ടുവെന്നതാണ്. അമൂർത്തവും അമർത്യവുമായ ആത്മാവോടുകൂടിയ സൃഷ്ടിയാണ് മനുഷ്യൻ. ഈ ആത്മാവിന്റെ സിദ്ധികളാണ് ചിന്താശക്തി, സംസാരശക്തി, ഓർമ്മിക്കുവാനുള്ള കഴിവ്, വിവേചനശക്തി, തന്നിലേക്ക് തിരിഞ്ഞു നോക്കുവാനുള്ള കഴിവ്, ശരീരത്തിന്റെയും, ആത്മാവിന്റെയും എല്ലാ സിദ്ധികളും, കഴിവുകളും മനുഷ്യനെന്ന വ്യക്തിയുടേതാണ്. അതിനാൽ മനുഷ്യൻ ഇവയെല്ലാം വഴി വേണം സ്രഷ്ടാവിനെ ആരാധിക്കുവാൻ. ഈ ആരാധനയ്ക്ക് വിവിധ രൂപങ്ങളുണ്ട്. അതിൽ ഏറ്റവും ഉൽകൃഷ്ടം ബലിയർപ്പണം ആണ്. തന്മൂലം മനുഷ്യവർഗ്ഗത്തിന്റെ ആദികാലം മുതൽ ബലിയർപ്പണത്തിന്റെ ചരിത്രവും ആരംഭിക്കുന്നു. ലോകത്തിൽ എല്ലായിടത്തും എല്ലാ കാലങ്ങളിലും അതിപ്രാചീന മതങ്ങളിൽ പോലും ബലിയർപ്പണം നടന്നിരുന്നു. ഒരു പ്രാചീന ചരിത്രകാരനായ പ്ലൂട്ടാർക്ക് പറയുന്നത്. "ലോകത്തിന്റെ ഏതു ഭാഗത്തു ചെന്നാലും പരിഷ്കാരവും ആഡംബരങ്ങളും സംസ്കാരവും ഒരു പക്ഷേ കാണാൻ കഴിഞ്ഞില്ലെങ്കിലും ബലിയർപ്പണത്തിനുള്ള ആരംത്താരകളും പുരോഹിതന്മാരും ബലിവസ്തുക്കളും കാണാതിരിക്കുകയില്ല."

## ബലിയുടെ ആദിമരൂപങ്ങൾ

നരബലി ചില പ്രാകൃതമതങ്ങളിൽ ഉണ്ടായിരുന്നിരിക്കാം. എങ്കിലും മനുഷ്യനൊഴികയുള്ള ജീവികളും മറ്റു വസ്തുക്കളുമാണ് അർപ്പണ വസ്തു (Victim)ആയി ഉപയോഗിച്ചിരുന്നത്. സ്വന്തം വ്യക്തിത്വം മുഴുവനും അർപ്പിക്കുന്നതിന്റെ പ്രതീകമാണ് ബലിവസ്തുവിന്റെ അർപ്പണം.

പഴയനിയമത്തിൽ ദൈവികവെളിപാടിന്റെ പ്രാഗ് രൂപമുണ്ട്. അവിടെ ബലിയർപ്പണത്തെക്കുറിച്ച് നിരവധി കാര്യങ്ങൾ കാണാൻ കഴിയും. ഈ ബലിയ്ക്കുവേണ്ട സജ്ജീകരണങ്ങൾ, ബലിവസ്തുക്കൾ, അർപ്പണരീതികൾ, പൗരോഹിത്യം മുതലായ കാര്യങ്ങളെല്ലാം യഹൂദ മതഗ്രന്ഥങ്ങളിൽ പ്രത്യേകിച്ച് പഴയനിയമത്തിലും അതിലെ ലേവ്യരുടെ പുസ്തകത്തിലും വിവരിച്ചു കാണുന്നുണ്ട്. അർപ്പിക്കുന്ന പുരോഹിതന്മാരുടെ അയോഗ്യതയിലും മറ്റു ചില കാരണങ്ങളാലും യഹൂദമതത്തിലെ ബലി പിൽക്കാലത്ത് യഹോവയ്ക്ക് (ദൈവത്തിന്) സ്വീകാര്യമല്ലാതെ ആയിത്തീർന്നു.

www.malankaralibrary.com

# ക്രിസ്തുമതത്തിലെ ബലി

ക്രിസ്തുവിന്റെ കുരിശിലെ ബലിയാണ് മനുഷ്യചരിത്രത്തിലെ എല്ലാബലികളിലും ശ്രേഷ്ഠമായിട്ടുള്ളത്. "പെസഹാരഹസ്യങ്ങൾ" എന്നറിയപ്പെടുന്നു. രക്ഷയ്ക്കുവേണ്ടി യേശു നിറവേറ്റിയ വിശുദ്ധ കർമ്മങ്ങളിൽ സുപ്രധാനമാണത്. കാൽവരിയിൽ കുരിശാകുന്ന യാഗ പീഠത്തിൽ തന്നെത്താൻ ബലിവസ്തുവായി പരമപിതാവിന് യേശു ഉൽകൃഷ്ടബലിയായി മനുഷ്യവർഗ്ഗത്തിന്റെ പാപത്തിന് പരിഹാരം ചെയ്യുകയും മനുഷ്യരെ രക്ഷയുടെ മാർഗ്ഗത്തിലേക്ക് കൊണ്ടുവരികയും ചെയ്തു. ഓരോരുത്തരും ആത്മവിശുദ്ധി പ്രാപിച്ച് രക്ഷ സ്വന്തമാക്കാൻ വേണ്ടി യേശു തന്റെ കുരിശുമരണത്തിന് മുമ്പ് യഥാർത്ഥ ബലി സ്ഥാപിച്ചു.

തന്റെ ശിഷ്യന്മാരുമൊത്ത് അവസാനത്തെ അത്താഴം (പെസഹാ) കഴിക്കുന്ന ആ രാത്രിയിൽ യേശു അപ്പം എടുത്ത് ആശീർവദിച്ച് മുറിച്ച് ശിഷ്യന്മാർക്ക് കൊടുത്തുകൊണ്ട് അരുളിചെയ്തു. വാങ്ങി ഭക്ഷിക്കുവിൻ, ഇത് എന്റെ ശരീരം ആകുന്നു. അനന്തരം പാനപാത്രം എടുത്ത് കൃതജ്ഞതാ സ്തോത്രം ചെയ്ത് അവർക്കുകൊടുത്ത്കൊണ്ട് പറഞ്ഞു. നിങ്ങൾ എല്ലാവരും ഇതിൽ നിന്ന് പാനം ചെയ്യുവിൻ, ഇത് പാപമോചനത്തിനായി ചിന്തപ്പെടുന്ന പുതിയ ഉടമ്പടിയുടെ എന്റെ രക്തം ആകുന്നു. (മത്തായി 26:26-28) പുതിയ നിയമത്തിലെ പുരോഹിതന്മാരാക്കികൊണ്ട് തന്റെ ശിഷ്യന്മാരോട് "ഇത് എന്റെ ഓർമ്മയ്ക്കായി ചെയ്യുവിൻ" എന്ന് യേശു കല്പിച്ച് ഏർപ്പെടുത്തി. കാൽവരിയിലെ ബലി, അൾത്താരകളിൽ എന്നും എല്ലായിടത്തും അർപ്പിക്കപ്പെടണമെന്ന തന്റെ തിരുവിഷ്ടം അതിൽ വെളിപ്പെടുത്തി. ഈ ബലിയെക്കുറിച്ച് മാലാഖി പ്രവാചകൻ പ്രവചിച്ചിരുന്നു. "ലോകത്തിന്റെ ഒരറ്റം മുതൽ മറ്റേ അറ്റം വരെ സൂര്യന്റെ ഉദയം മുതൽ അസ്തമനം വരെ പരിശുദ്ധമായ ഒരു ബലിയർപ്പിക്കപ്പെടും." ഇതാണ് വിശുദ്ധ കുർബാനയാകുന്ന ബലി. കാൽവരി അൾത്താരയിലേക്ക് പറിച്ചു നടപ്പെടുന്ന കർമ്മമാണ് വിശുദ്ധകുർബാനയെന്ന് പണ്ഡിതശ്രേഷ്ഠനായ ബിഷപ്പ് ഫുൾട്ടൻ ഷീൽ പറയുന്നു. "ഇത് എന്റെ ശരീരം, ഇത് എന്റെ രക്തം" എന്ന് കാർമ്മികൻ അപ്പവും വീഞ്ഞും എടുത്ത് ഉരുവിടുമ്പോൾ കർത്താവിന്റെ ശരീരരക്തങ്ങൾ അർപ്പിച്ചുള്ള ബലി അൾത്താരയിൽ ആഗതമായിത്തീരുന്നു. പരിശുദ്ധാത്മാവിന്റെ ആവാസത്തിനായുള്ള പ്രാർത്ഥനയോടെ പൂർത്തീകരണവും ഉണ്ടാകുന്നു."

www.malankaralibrary.com

അതിനാൽ കാൽവരിയിലെ ബലിയുടെ ഒരു പ്രതീകം (representation) മാത്രമല്ല, ആവർത്തനവും നവീകരണവും (Renewal) ആണെന്നു പറയേണ്ടിയിരിക്കുന്നു. കാൽവരിയിലെ ബലിയിൽ, എല്ലാ ത്രോണോസുകളിലേയും എന്നെന്നുമുള്ള ബലികരം ഉള്ളടങ്ങിയിരിക്കുന്നു. കുർബാനയെന്ന ബലിയിൽ, കാൽവരിയിൽ സ്വയം ബലിവസ്തുവായിത്തീർന്ന അതേ ക്രിസ്തു തന്നെയാണ് ബലിവസ്തുവായിത്തീരുന്നത്. കാൽവരിയിലെ അംത്താരയിലേയും അംത്താരയിലേ കുർബ്ബാനയിലേയും അർപ്പണത്തിനുള്ള ഏക വ്യത്യാസം അവിടെ രക്തം ചിന്തിയും ഇവിടെ രക്തം ചീന്താതെയുമുള്ള അർപ്പണമാണെന്ന കാര്യമത്രേ.

ക്രൈസ്തവാരാധനയുടെ ശ്രേഷ്ഠരൂപമായ കുർബാനയെന്ന ദിവ്യബലിയെക്കുറിച്ചുള്ള ഈ ചെറിയ വിവരണം ഇവിടെ അവസാനിക്കുകയാണ്.

വി. കുർബ്ബാനയുടെ ദൈവരഹസ്യം വിശദമാക്കി തരുന്ന ഗ്രന്ഥമാണ് വൈദികർ ഉപയോഗിക്കുന്ന കുർബാന തക്സാ. തക്സാ എന്ന പദത്തിന് ക്രമം എന്നാണ് അർത്ഥം. വിശ്വാസികളുടെ ഉപയോഗത്തിനായി കുർബ്ബാനക്രമവും ക്രമപ്പെടുത്തിയിരിക്കുന്നു. അംത്താരയിലെ ബലിയർപ്പണത്തിന് ഈ രണ്ടു പുസ്തകങ്ങളും ഉപയോഗിക്കുന്നു. ഒന്ന് കാർമ്മികൻ ഉപയോഗിക്കുന്ന തക്സാ. ഇവിടെ വിശ്വാസികളുടെ ഉപയോഗത്തിലിരിക്കുന്ന പുസ്തകത്തെപ്പറ്റി മാത്രമേ പരാമർശിക്കുന്നുള്ളൂ. ഇതിൽ ഗാനങ്ങളും പ്രാർത്ഥനകളും അടങ്ങിയിരിക്കുന്നു. കുർബാനയിൽ സംബന്ധിക്കുന്നവർ ചൊല്ലുന്ന ഗാനങ്ങളുടേയും പ്രാർത്ഥനകളുടേയും അർത്ഥം വ്യക്തമായി മനസ്സിലാക്കി സ്വയം അർപ്പണം നടത്തുന്നില്ലെങ്കിൽ ചെയ്യുന്ന പ്രവൃത്തി ഒരു വാചക കസർത്തും പാഴ്വേലയും ആയിരിക്കും. ഗാനങ്ങരം ഇമ്പകരമായും പ്രാർത്ഥനകരം ഒരുമിച്ച് ചിട്ടയോടുകൂടിയും ചൊല്ലേണ്ടത് ആവശ്യമാണ്. അതേ സമയം ഹൃദയവും മനസ്സും അംത്താരയിലെ തിരുകർമ്മത്തിൽ ലയിച്ചു ചേരാൻ അർത്ഥഗ്രഹണവും ആവശ്യമാണ്. ഇതു സാധിക്കാൻ ദൈവജനത്തിന് സഹായകമായിട്ടാണ് ഈ വിശദീകരണം രചിക്കുന്നത്.

ഇപ്പോരം ഉപയോഗിച്ചു കൊണ്ടിരിക്കുന്ന കുർബാനക്രമം അനുസരിച്ചാണ് ഈ ഗ്രന്ഥം ചിട്ടപ്പെടുത്തുന്നത്. സുറിയാനിയിൽ നിന്നുമുള്ള ഈ പരിഭാഷ നൂറ്റാണ്ടുകളായി ഉപയോഗിച്ചുകൊണ്ടിരിക്കുന്നതും പാടിപ്രാർത്ഥിച്ച് വിശ്വാസികളുടെ ഹൃദയങ്ങളിൽ ആഴമായി

www.malankaralibrary.com

പതിഞ്ഞിട്ടുള്ളതുമാകുന്നു. ചില വാക്കുകളുടെ അർത്ഥവും തെറ്റായ പദപ്രയോഗങ്ങളും ചൂണ്ടിക്കാണിക്കുവാൻ മാത്രമേ ഞാൻ ഉദ്ദേശിക്കുന്നുള്ളു.

ആരാധനക്രമം പരിഷ്ക്കരിക്കുന്നവർ ഇനിയുമുള്ള പ്രസിദ്ധീകരണങ്ങളിൽ മാറ്റങ്ങൾ വരുത്തുന്നുവെങ്കിൽ അത്തരം തിരുത്തലിന് ഈ വിശദീകരണം ഉപകരിച്ചേക്കും. എന്തായാലും ഓർത്തഡോക്സ്, യാക്കോബായ, മാർത്തോമ്മാ, മലങ്കര സുറിയാനി കത്തോലിക്കർ തുടങ്ങിയ എല്ലാ വിഭാഗക്കാരും ഇതു തന്നെയാണ് ഉപയോഗിച്ചു വരുന്നത്. അതിനാൽ എല്ലാവർക്കും ഇതു സ്വീകാര്യമായിരിക്കുമെന്നുള്ള പ്രത്യാശയിൽ ഇതുസമുദായ സ്നേഹികൾ സമക്ഷം സമർപ്പിക്കുന്നു.

## വി. കുർബാന: കൂദാശ

വി. കുർബാനയാകുന്ന കൂദാശയെക്കുറിച്ച് ഏതാനും കാര്യങ്ങൾ കൂടി ഇവിടെ ചേർക്കേണ്ടിയിരിക്കുന്നു. വരപ്രസാദത്തിന്റെ നീരുറവകളായ ഏഴുകൂദാശകളിൽ ഒന്നാണല്ലോ വി. കുർബ്ബാന. ദിവ്യബലിയിൽ അർപ്പിക്കപ്പെടുന്ന ബലി വസ്തുക്കളായ അപ്പത്തിലും, വീഞ്ഞിലും കാർമ്മികരും വിശ്വാസികളും ഉൾച്ചേരുന്നതാണ് ഈ കൂദാശ. ഈ കൂദാശയുടെ സ്വീകരണമാണ് വിശുദ്ധകുർബാനയുടെ പൂർത്തീകരണം. വിശ്വാസികളെ സംബന്ധിച്ചിടത്തോളം ദിവ്യബലി വഴി ദൈവത്തിന് ആരാധന നൽകുകയും ഈ കൂദാശയിൽക്കൂടി വരപ്രസാദത്തിന്റെ ദാതാവു തന്നെയായ യേശുവിനെ ഉൾക്കൊള്ളുകയും ചെയ്യുന്നതുവഴി പരമമായ കടമയാണ് നിറവേറ്റുന്നത്.

"ഞാൻ മുന്തിരിയാകുന്നു. നിങ്ങൾ ശാഖകളാണ്" എന്ന സാദൃശ്യത്തിന്റെ അർത്ഥം ഇവിടെ അന്വർത്ഥമായിത്തീരുന്നു. തായ്ത്തടിയിലെ ദ്രാവകം ശാഖകളിലെത്തി, പുഷ്പഫലാദികൾ പുറപ്പെടുവിക്കുന്നതുപോലെ ഈ കൂദാശ സ്വീകരണം വഴി യേശുവും വിശ്വാസികളുമായഐക്യം സാധിക്കുന്നു. ഈ ഐക്യത്തിൽ നിന്ന് ഉരുവാകുന്ന ക്രൈസ്തവ ജീവിതത്തിന്റെ നല്ല ഫലങ്ങളായ സ്നേഹം, ത്യാഗം,അർപ്പണം,വിനയം ഇത്യാദി പുറപ്പെടുവിക്കാൻ സാധിക്കുന്നു. ദിവ്യബലിയേയും കുർബാനയെന്ന കൂദാശയേയും കുറിച്ച് ഇവിടെ വേർതിരിച്ചു പറഞ്ഞെങ്കിലും ഇവ രണ്ടും ഒരേരക്ഷാകരകർമ്മമാണ്.

ക്യംതാ എന്ന പദത്തിന് ഉയിർപ്പ് എന്നർത്ഥം. ഉയിർപ്പുകാല

www.malankaralibrary.com

ത്തിൽ ചൊല്ലേണ്ട പ്രാർത്ഥനകളുടേയും ഗാനങ്ങളുടേയും സമാഹാരത്തിന് ഈ പേരു തന്നെ പറയുന്നു. കൃംതാ പ്രാർത്ഥനക്രമത്തിൽ എല്ലാ യാമങ്ങളുടേയും പ്രാർത്ഥനകൾ ഉണ്ട്. എന്നാൽ വി. കുർബ്ബാനയ്ക്കു മുൻപായി ഞായാറാഴ്ചകളിൽ ചൊല്ലേണ്ട കൃംതായുടെ പ്രഭാതപ്രാർത്ഥനയ്ക്കു മാത്രമേ ഇവിടെ വിശദീകരണം നല്കുന്നുള്ളൂ. ഈ പ്രാർത്ഥന സങ്കീർത്തനങ്ങളുടെയും ഉയിർപ്പിനോടനുബന്ധിച്ച ഗാനങ്ങളുടെയും സമാഹാരമാണ്. അതിനാൽ അത് അതിവിശിഷ്ടവും ഭക്തിജനകവുമായ പ്രാർത്ഥനയാണെന്നു പറയേണ്ടിയിരിക്കുന്നു. വി. കുർബ്ബാനയ്ക്കു മുൻപ് ഭക്തിപൂർവ്വം ഇത് ചൊല്ലുന്നത് ത്രോണോസിലെ ബലിയിൽ സജീവമായി പങ്കുചേരുന്നതിനുള്ള ഒരു നല്ല ഒരുക്കമായിരിക്കും.

കൌമാ പ്രാർത്ഥനകൊണ്ടാണ് എല്ലാ പ്രാർത്ഥനയും ആരംഭിക്കുന്നത്. കൌമാ എന്ന പദത്തിന് നില്പ് എന്നാണർത്ഥം. നിന്നു കൊണ്ട് ചൊല്ലുന്ന പ്രാർത്ഥന. ഈ പ്രാർത്ഥനയ്ക്കു മൂന്ന് പ്രാരംഭഭാഗങ്ങളുണ്ട്. ആദ്യത്തെ ഭാഗത്തിൽ "തന്റെ സ്തുതികളാൽ.......ഉയരങ്ങളിൽ സ്തുതി'' എന്നത് പ്രപഞ്ച കീർത്തനത്തിന്റെ രത്ന ചുരുക്കമാണ്. പിന്നീടു വരുന്നത് പിതാവിന്റെ ഏകജാതൻ ബലിയർപ്പണത്തിന് എഴുന്നെള്ളുമ്പോൾ ദൈവജനം ആലപിക്കുന്ന സ്വാഗതഗാനമാണ്. യേശുവിന്റെ ബലിയുടെ പൂർത്തീകരണത്തിൽ മാലാഖമാർ ഉദ്ഘോഷിച്ചു പരിശുദ്ധനാകുന്നു 'എന്നതിന് വിശ്വാസികളും കൊടുക്കുന്ന പ്രത്യുത്തരമാണ് 'ഞങ്ങൾക്കു വേണ്ടി ക്രൂശിക്കപ്പെട്ടവനേ ഞങ്ങളെ അനുഗ്രഹിക്കണമേ' എന്നത്.

ബലിയിൽ പങ്കാളികൾ ആകുന്ന വിശ്വാസികൾ, കർത്താവ് പഠിപ്പിച്ച അതേ പ്രാർത്ഥന ഒത്തുചേർന്നു ചൊല്ലുന്നു. സ്വർഗ്ഗസ്ഥനായ പിതാവേ എന്ന് ഈ പ്രാർത്ഥനയിൽ പിതൃസന്നിധിയിൽ ദൈവജനം തങ്ങളുടെ ജീവിതം മുഴുവൻ സമാഹരിച്ച് പ്രാർത്ഥിക്കുന്നു. നന്മ നിറഞ്ഞ മറിയമേ എന്ന പ്രാർത്ഥനയിൽ ഗബ്രിയേൽ മാലാഖയുടെ സമാഗമവും ഏലിശ്ബാ മറിയത്തിനു നല്കുന്ന അഭിനന്ദനവും മറിയാമിലൂടെ ശരീരമെടുത്ത യേശുവിനുള്ള സ്തുതിപ്പും അടങ്ങിയിരിക്കുന്നു. പാപികളായ നാമേവരും പരിശുദ്ധാത്മാവിന് അർപ്പിക്കുന്ന ഹൃദയം തുറന്ന അർത്ഥനയാണ് പ്രസ്തുത പ്രാർത്ഥനയുടെ ഉത്തരഭാഗം.

ശുബഹോ..........

www.malankaralibrary.com

ശുബഹോ ലാബോ ഉലബറോവലറൂഹോ കാദീശോ.

പ്രാർത്ഥന നയിക്കുന്ന കാർമ്മികൻ മിക്ക പ്രാർത്ഥനകളുടേയും ആരംഭത്തിൽ ഈ പ്രാർത്ഥന ചൊല്ലുന്നു. പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി എന്ന ത്രിത്വ സ്തുതി തന്നെയാണ് ഇത്.

ശുബഹോ - സ്തുതി (സ്തോത്രം)

ലാബോ - പിതാവിന്

ഉലബറോ - പുത്രനും

ഉറുഹോകാദീശോ പരിശുദ്ധത്മാവിനും ആദി മുതൽ ............. എന്ന പ്രാർത്ഥനയിൽ ദൈവത്തിന്റെ രക്ഷണീയവേലയുടെ സംക്ഷേപം.

മഹിമയോടാ കബറിൽ .........

ആദ്യത്തെ ഗാനം തുടങ്ങുന്നു. മഹത്വത്തോട് കബറിൽ നിന്ന് ഉയിർത്തെഴുന്നേറ്റ് എല്ലാ സൃഷ്ടികളേയും ശോഭിപ്പിച്ച ശോഭയാകുന്ന യേശു സ്തുത്യനാകുന്നു. (യേശുവിനു സ്തുതി)

ശെമയോനും യോഹന്നാനും............

കർത്താവ് ഉയിർത്തെഴുന്നേറ്റ കാര്യം മഗ്ദലനാമറിയത്തിൽനിന്ന് അറിഞ്ഞ പത്രോസും യോഹന്നാനും യേശുവിന്റെ കബറിലേക്ക് ചെന്ന് നേരിട്ടു മനസ്സിലാക്കിയതിനാൽ കർത്താവിനെ സ്തുതിച്ചു കൊണ്ട് സന്തോഷത്തോടെ തിരിച്ചുപോയി. ആഴ്ചയിലെ ആദ്യത്തേതായ ഈ വിശുദ്ധദിവസത്തിൽ ആദ്യജാതൻ (ദൈവപുത്രൻ) മനുഷ്യരേയും തന്നോടൊപ്പം ഉയിർപ്പിലേക്കു കൊണ്ടു വന്നു. യേശു തന്റെ ഉയിർത്തെഴുന്നേൽപ്പാൽ തന്നെ കൊന്നവരെ നാണിപ്പിച്ചതോർത്ത് പള്ളികളും ദയറാകളും ആശ്രമങ്ങളും (ദയറാ സുറിയാനിപദം) ഇന്ന് ആനന്ദിക്കുന്നു.

മൃതർതന്നാത്മാക്കളും.................. ഉയിർപ്പിനാൽ യേശു മരിച്ചവരുടെ ആത്മാക്കളിൽ കൃപയാകുന്ന പനിനീർ (വരപ്രസാദം) തളിച്ചതിനാൽ വിശ്വാസികരം ആനന്ദിക്കുന്നു.

രക്ഷകനേ നിന്നേയും നിന്റെ ഉത്ഥാനത്തേയും വാഴ്ത്തുന്ന ദാസരായ ഞങ്ങരംക്ക് നിത്യജീവൻ നീ അരുളിയതുപോലെ (കല്പിച്ചതുപോലെ) തരണമേ.

www.malankaralibrary.com

കൊണ്ടാടുക - വാഴ്ത്തുക

61-ാം സങ്കീർത്തനം

ദൈവമുയർത്തു മഹത്വ....

മഹത്വത്തോട് ദൈവപുത്രൻ ഉയർത്തെഴുന്നേറ്റ് ആദാമിനേയും അവന്റെ മക്കളായ മനുഷ്യരേയും ജീവനിലേക്കു കൊണ്ടുവന്നു.

ദൂതഗണം .............. മാലാഖമാർ അവരുടെ നാഥനെ വാഴ്ത്തി. (ദൂതഗണം-മാലാഖമാരുടെ കൂട്ടം)

ഭൂമി പ്രശോഭിച്ചു. കല്ലറക്കാർ പരിഭ്രമിച്ചു.

പാതാളം പുക്കിടയൻ.......

ഇടയൻ പാതാളത്തിൽ പ്രവേശിച്ച്.. നിൻ വരവോർത്ത്.......

ഉയിർത്തെഴുന്നേറ്റ നിന്റെ വരവിനുവേണ്ടി കാത്തിരുന്നു മരിച്ചവരായ ദുഃഖിതരെ ആനന്ദിപ്പിക്കുന്നു . നിന്റെ തേജസ് കണ്ട് ഈ ഉയിർപ്പു ദിവസം അവർ സന്തോഷത്തോടെ നിന്റെ കൃപയെ വാഴ്ത്തുന്നു. മരിച്ചവർ ഖിന്നരെ മോദിപ്പിക്കും എന്ന പ്രയോഗം ശരിയല്ല. മരിച്ചവരായ ഖിന്നരെ എന്നാണ് വേണ്ടത്.

19-ാം സങ്കീർത്തനം . ആകാശങ്ങളും..........ഗുരുമൃതരീന്നുയിർപ്പൂണ്ടേറ്റന്നതു കേട്ടോരാഞ്ഞിടുവാനായ് ഗുരുമരിച്ചവരിൽ നിന്നുയിർത്തെന്നു കേട്ട് അന്വേഷിക്കുവാനായി അവർ ഓടിച്ചെന്നു.(കേട്ട് ആരായുവാൻ) ആരായുക,അന്വേഷിക്കുക,ആരാഞ്ഞിടുവാൻ എന്നാകുമ്പോഴും അർത്ഥം വ്യക്തമാകും.

നഷ്ടമതാം തന്നുരുവും വീണ്ടാ-

ഉരുവ്- പ്രതിഛായ. നഷ്ടപ്പെട്ട പ്രതിഛായ - ആയ ആത്മീയ ജീവൻ വീണ്ടെടുക്കാനും അഴുകിയ ശരീരത്തെ ഉദ്ധരിച്ചു പുതുക്കാനുമായി മരണത്തിന്റെ ലോകത്തിലേക്ക് ദൈവപുത്രൻ ഇറങ്ങിവന്നു. കർത്താവിന്റെ ഉയിർപ്പുവഴി മനുഷ്യന്റെ ആത്മാവിനും ശരീരത്തിനും പുനരുത്ഥാനം നൽകുന്ന കാര്യം സൂചിപ്പിക്കുന്നു.

കർത്താവിന് ഒരു പുതിയ പാട്ടിനേയും ............

ഇന്നാളുംനിൻ കബറിങ്കൽ..................

നിന്റെ കബറിങ്കൽ ഈ ഉയിർപ്പുദിവസം മാലാഖമാർ വെള്ളയങ്കി ധരിച്ചു നിന്നു. (പൂണ്ടും വെള്ളയങ്കി-വെള്ളവസ്ത്രം ധരിച്ച്)

www.malankaralibrary.com

മാലാഖമാർ പ്രത്യക്ഷപ്പെട്ട സംഭവം ഇവിടെ അനുസ്മരിക്കുന്നു. ശിഷ്യകരം എന്നതിനു പകരം ശിക്ഷകരം - അച്ചടിപ്പിശക്

തിരുവുളമായ്.......

തന്റെ തിരുമനസ്സാൽ മരണം പ്രാപിച്ച് ആ കബറിൽ നിന്നും ഉയിർത്തെഴുന്നേറ്റ് മനുഷ്യരെ പാപത്തിൽ നിന്നും കരേറ്റി സ്വർഗ്ഗവാസികളോടൊപ്പം ആനന്ദിക്കുന്നതിന് നമ്മെ കൂട്ടിച്ചേർത്തവന് സ്തോത്രം.

തിരുവുളമായ്........തിരുമനസ്സായി

മറിയാം പറഞ്ഞതെന്തെന്നാൽ...........

തൻ മൃതിയാൽ അഴകാകെ നശിപ്പി............

ഞങ്ങളുടെ ആത്മാവിന്റെ സൗന്ദര്യം നശിപ്പിച്ച് മരണം ഇല്ലാതാക്കി, സാത്താന്റെ ആധിപത്യത്തിൽ നിന്ന് ഈ ദാസരെ മോചിപ്പിച്ച നിനക്ക് ഉചിതമായ ശബ്ദത്തിൽ അടിയാരായ ഞങ്ങരം സ്തുതിപ്പാടുന്നു.

ആകൽക്കറുസാ - സാത്താൻ

അതുല വിശുദ്ധസഭ

അതുല്യമായ വിശുദ്ധിയോട് കൂടിയ സഭയേ നിന്റെ മക്കളെ പ്രാർത്ഥിക്കാൻ കൂട്ടിച്ചേർത്ത് കുരിശാൽ രക്ഷ നേടിത്തന്ന ദൈവപുത്രന് സ്തോത്രം പാടുക.

സ്ലീബാ - കുരിശ്

പ്രകാശത്തിന്റെ സൃഷ്ടാവിനു സ്തുതി........

മാനവർ വാനോർ (മുൻ മുൻ - അഹമഹമികയാ)

മനുഷ്യരും മാലാഖമാരും ഞങ്ങരം മുൻപിൽ എന്ന മട്ടിൽ നിന്റെ മഹിമയെ വന്ദിക്കുന്നു. കരുണയ്ക്കിരിപ്പിടമായ കർത്താവേ, നീ സ്തുത്യനാകുന്നു.

ഞായർ ദിനമിന്നുയരത്തിൻ ദ്വാരങ്ങരം.....

ഈ ഞായർ ദിവസം മേൽ സ്വർഗ്ഗത്തിന്റെ വാതിലുകരം തുറക്കപ്പെട്ടു.

(ദ്വാരങ്ങരം - വാതിലുകരം)

www.malankaralibrary.com

പൂഴിയിൽ മൃതരായ് മേവിയവർക്കും ശരണം.........

മരിച്ച് മണ്ണിൽ സ്ഥിതിചെയ്തവർക്ക് ഉള്ളിൽ ഉറച്ച ശരണമുണ്ടായി.

സീമാവാഹി പരാക്രമിയെ

അതിരില്ലാത്ത ശക്തനേ (ദൈവപുത്രൻ) കബറിന്റെ ഉള്ളിൽ ദ്രോഹികൾ അടക്കി മുദ്ര വച്ചിട്ടും ഇടിമിന്നലിന്റെ വേഗത്തിൽ, ആ മുദ്രയ്ക്കു കേടില്ലാത്ത രീതിയിൽ താൻ പുറത്തേക്കു വന്നു.

(അവകാശം + അമർത്താൻ)

അവകാശമമർത്താനവനെ........

അവകാശിയായ അവനെ അവർതോട്ടത്തിനു പുറത്താക്കി കൊന്നു.

കാണാത്തതിനെ തേടി.......

കാണാതെ പോയ ആടിനെ തേടി ഇടയനായ കർത്താവ് ലോകത്തിൽവന്നപ്പോൾ ശത്രുക്കൾ തന്നെ കൊന്ന് കബറിൽ സംസ്കരിച്ചു. തന്റെ ഉയിർപ്പു വഴി അവരെ ലജ്ജിപ്പിച്ചു.

നാഥാ നിൻ രാജ്യത്തിൻ മഹിമാഗമനേ......

കർത്താവേ, നിന്റെ രാജ്യത്തിന്റെ മഹിമയുടെ ആഗമനത്തിൽ ഞങ്ങളെ നിന്റെ കുരിശിന്റെ ചിറകിൽ കാത്തു സൂക്ഷിക്കണമേ.

രാജ്യത്തിന്റെ മഹിമാഗമനം കർത്താവിന്റെ രണ്ടാമത്തെ വരവു സൂചിപ്പിക്കുന്നു.

ദൈവത്തിൻ പുത്രനെ മറിയാം......

ഉത്ഥാനം ചെയ്തുടനേ തന്നെ കുരിശിച്ചാ-

കർത്താവിന്റെ ഉയിർപ്പിനുശേഷം തന്നെ കുരിശിച്ചാ സെഹിയോൻ നശിപ്പിക്കപ്പെട്ടു. (യഹൂദാ പട്ടണമായ സീയോനിലെ ആളുകൾക്ക് നാശം വന്നു.) യേശുവാകുന്ന മണവാളനും തന്റെ മണവാട്ടിയായ സഭയും ആയുള്ള വിവാഹ വിരുന്നിന് ത്രോണോസാകുന്ന ജീവന്റെ മേശയിൽ നിന്ന് തന്റെ രക്തം എല്ലാവർക്കുമായി പങ്കിട്ടു കൊടുത്ത കർത്താവിനു സ്തോത്രം.

ചാവാലുയിർ ചേർത്തവൻ - തന്റെ മരണത്താൽ മനുഷ്യർക്ക്

www.malankaralibrary.com

നിത്യ ജീവൻ നല്കിയവൻ.

ചാവ്- ചാവുക എന്നതിന്റെ നാമം.

പുണ്യത്തിന് ആത്മവിശുദ്ധിക്ക് തന്റെ ശരീര രക്തങ്ങൾ നൽകിയവനു സ്തോത്രം.

തൻ ശുദ്ധശരീരം ഭക്ഷിച്ചും രക്തം പാനം ചെയ്തും മൃതരായോർ തന്നാത്മാക്കൾ മേൽ - അഴിയാലോകെ.

തന്റെ ശരീരം ഭക്ഷിക്കുകയും രക്തം പാനം ചെയ്യുകയും ചെയ്ത മൃതരുടെ ആത്മാക്കൾ മേൽ ഒരിക്കലും നശിച്ചുപോകാത്ത ലോകത്തിൽ, പാപമാകുന്ന ഇരുട്ട് ഭരണം നടത്താതിരിക്കാൻ നാം മിശിഹായോട് അവർക്കുവേണ്ടി പ്രാർത്ഥിക്കണം.

താതൻ ശ്ലോമോ ഗബ്രിയേൽ.......

പിതാവിന്റെ സമാധാനം ഗബ്രിയേൽ ദൂതൽ വഴി മുകളിൽ നിന്ന് ധന്യയായ മറിയത്തിനു നൽകപ്പെട്ടു.

ശ്ലോമോ - സമാധാനം

പ്രഭയുള്ള മാലാഖയുടെ വായിൽ നിറഞ്ഞു നിന്ന സമാധാനം ഇപ്രകാരം ആശംസിച്ചു. "കർത്താവ് നിന്നോടു കൂടെ നിന്നിൽ നിന്ന് അവൻ ജനിക്കും"

നയവാന്മാർ പുണ്യ............

നീതിമാന്മാർക്കും പരിശുദ്ധന്മാർക്കുമൊന്നിച്ച് ദൈവപുത്രൻ സ്വർഗ്ഗത്തിൽ ആശ്വാസം നൽകും.

മൊറിയോ റാഹേംമേലൈൻ ഉഅദാറൈൻ

കർത്താവേ ഞങ്ങളുടെ മേൽകരുണ ചെയ്യുകയും ഞങ്ങളെ സഹായിക്കുകയും ചെയ്യണമേ.

അദാർ - സഹായിക്കുക. അദാറൈൻ - ഞങ്ങളെ സഹായിക്ക.

ഉത്ഥാനത്താൽ തൻ.......

ഉയിർപ്പിനാൽ സഭയെ രക്ഷിച്ച ദൈവപുത്രാ, നിന്റെ സമാധാനം നൽകി നിന്റെ മക്കളെ പാലിക്കണമേ. പ്രജ-മക്കൾ.

ചാവേ കീഴാക്കി ബലവാൻ സ്ക്കീപ്പായിൽ ഉറങ്ങി ശക്തനായ

www.malankaralibrary.com

ദൈവപുത്രൻ കുരിശിൽ മരിച്ച് മരണത്തെ കീഴടക്കി.

(സ്ക്കീപ്പാ - കുരിശ്)

ദാവീദാം താൻ

തന്റെ പിതാവായ ദാവീദ് ഉയിർത്തെഴുന്നേറ്റ പുത്രനെ കണ്ട പ്പോൾ സന്തോഷത്തോടെ ഓടിച്ചെന്ന് വീണ വായിച്ചു. കമ്പി മുറുക്കി-വീണ വായിച്ചു.

സ്വർഗ്ഗത്തിൽ ദാവീദ് ആനന്ദഗാനം ആലപിച്ചു എന്നർത്ഥം.

ചൊന്നാർ.................സ്വർഗ്ഗവാസികൾ പറഞ്ഞു.

മത്തുകുറഞ്ഞ മനുജനൊപ്പം - മത്തുലഹരി വിട്ടുബോധം വന്ന മനുഷ്യനെപ്പോലെ ഉയിർത്തെഴുന്നേറ്റ കർത്താവ് മിത്രങ്ങൾക്ക് ആന ന്ദവും ശത്രുക്കൾക്കു ദുഃഖവും വരുത്തി.

(ആർത്തി - ദുഃഖം)

ശൈനോ - സമാധാനം.

സ്വർഗ്ഗത്തേയും ഭൂമിയേയും യോജിപ്പിച്ച സമാധാനത്തിലൂടെ നിന്റെ സഭയെ സംരക്ഷിക്കണമേ. ഈ പ്രാർത്ഥനയിൽ സഭയിലെ ഭിന്നതകളകറ്റുവാൻ ദൈവസന്നിധിയിൽ നമ്മെത്തന്നെ സമർ പ്പിക്കാം. ഈ ഭിന്നതയുടെ നിവാരണവും സമാധാന പ്രാപ്തിയും ആണ് വി.കുർബ്ബാനയുടെ പ്രധാന ലക്ഷ്യം.



*റവ. ഫാ. തോമസ് പ്ലാവിളയിൽ*

*റവ. ഫാ. ദാനിയേൽ അയ്യനേത്ത് തുടങ്ങിയവർ ഷഷ്ട്യബ്ദപൂർത്തിവേളയിൽ.*

www.malankaralibrary.com

# കുർബ്ബാന ക്രമം

പ്രാരംഭഗാനങ്ങൾ

കർത്താവേ പ്രാർത്ഥന കേട്ടരുൾ................

കർത്താവേ ഞങ്ങളുടെ പ്രാർത്ഥനകേട്ട് ഉത്തരമരുളണമേ. ഇവിടെ പിതാവായ ദൈവത്തോട് ആദ്യമായി അഭ്യർത്ഥന നടത്തുകയാണ്.

'ഹാലേലുയ്യാ' എന്ന സുറിയാനിപദം ഹാലേൽ എന്നും ഉ എന്നും യാ എന്നും ഉള്ള മൂന്നു പദങ്ങളുടെ സമുച്ചയമാണ്.

ഹാലേൽ - സ്തുതി എന്നർത്ഥം.

ഉ - ആകുന്നു, ഉണ്ടാകട്ടെ.

യാ - യാഹവേ, (യഹോവാ) കർത്താവേ എന്ന വാക്കിന്റെ ആദ്യത്തെ അക്ഷരം.

കർത്താവിന് സ്തുതി ആയിരിക്കട്ടെ എന്നാണ്. ഇത് മാലാഖമാരുടെ സ്തുതിപ്പാണ്.

ഞങ്ങൾ അർപ്പിക്കുന്ന ഈ ധൂപം അഹറോൻ അർപ്പിച്ച ധൂപം പോലെ ഞങ്ങളുടെ ഈ ധൂപവും സ്വീകരിക്കണമേ. (മോശയുടെ സഹോദരനും പുരോഹിതനുമായ അഹറോനെയാണ് ഇവിടെ ഉദ്ദേശിക്കുന്നത്.

നിനുവയക്കാരുടെ അപേക്ഷപോലെ ഞങ്ങളുടെ ഈ ശുശ്രൂഷ സ്വീകരിക്കണമേ. (യൗനാൻ ആവശ്യപ്പെട്ടപ്രകാരം നിനുവയർ അനുതാപപൂർവ്വം ദൈവത്തോട് അപേക്ഷിച്ച കാര്യം സൂചിപ്പിക്കുന്നു. കടലിൽ നിന്ന് യൗനാനെ രക്ഷിച്ചതുപോലെ ഈ ദാസന്മാരിലും കാരുണ്യം കാണിക്കണമേ. കർത്താവേ ഞങ്ങളുടെ നിലവിളി കേട്ട് ഉത്തരമരുളിയാലും.

ഞങ്ങളുടെ ഈ ധൂപം തിരുനാമത്തിന് സുഖകരമായിത്തീരട്ടെ. (തിരുനാമത്തിന് മഹത്വം വരട്ടെ) അതുപോലെ തിരുമനസ്സ് അലിയുന്നതിന് കാരണവും ആകട്ടെ.

നിരപ്പാകണമേ.........ദൈവമേ അങ്ങയുടെ അതുല്യ കൃപയാൽ രമ്യപ്പെടണമേ.

www.malankaralibrary.com

എന്നും സ്തുതി നിൻ.............ഏറ്റം കനിവുള്ള രക്ഷകാ നിന്റെ കാരുണ്യത്തിന് എന്നും സ്തുതി. നിന്റെ ദാനം എല്ലായിടത്തും നിറഞ്ഞു കാണുന്നു.

മരണത്തെ നീക്കി ഫിനഹാസ്.................ഫിനഹാസിന്റെ പ്രാർത്ഥന, മരണം ഒഴിവാക്കിയതുപോലെ ഈ ദാസരുടെ ധൂപത്തേയും സേൻഹനിധേ (അൻപുടയോനെ - അൻപ് ഉടയൻ - സേൻഹമുള്ള വൻ)

എരിതീനിര - അഗ്നിമയന്മാരായ ദൂതന്മാരുടെ ഗണത്തിൽ നിന്ന് ഈറേ ദൂതൻ - ഉണർന്നിരിക്കുന്ന ദൂതൻ - ഗബ്രിയേൽ മാലാഖ) സ്വർഗ്ഗത്തിൽ നിന്നിറങ്ങി നസറേത്തിൽ മറിയത്തിന്റെ വീട്ടിൽ

ചിതമോട് - ഭക്തിപൂർവ്വം - ചെന്ന് അറിയിച്ചു.

"ലോകം മുഴുവൻ പരിപാലിക്കുന്ന കർത്താവ് നിന്നോടു കൂടെ" മുൾമരം..........തീയുടെ നടുവിൽ മുൾമരം എരിയാതിരുന്നതു പോലെ ദൈവം - (ചിന്മയൻ) ചിത്തിന്റെ പൂർണ്ണത - അറിവിന്റെ പൂർണ്ണതയായ ദൈവം - മറിയത്തിൽ നിന്നു ശരീരം എടുത്തു. (മറിയത്തിന്റെ കന്യാത്വം നഷ്ടപ്പെടാതെ) അവളിൽ യേശു ജനിച്ചു. ഉപമയുടെ അർത്ഥം.

ലോകം താത.............

ലോകം, പിതാവ്, മാതാവ്, സഹോദരർ, ജാതി, തറവാട് ഇതെല്ലാം ഉപേക്ഷിച്ചശേഷം യേശുവിനു വേണ്ടി മരണം വരിച്ച സഹദേന്മാരെ എന്നും ഓർക്കുന്നത് ഏറ്റം നല്ലതാണ്.

സഹദേന്മാർ - രക്തസാക്ഷികൾ.

തൂക്കപ്പെട്ടു..............കുരിശിൽ തറയ്ക്കപ്പെട്ട് കുന്തം കൊണ്ട് മാറിടം പിളർക്കപ്പെട്ടതിനാൽ അവിടെ നിന്നും രക്തവും വെള്ളവും ഒഴുക്കിയ മിശിഹായെ രക്തസാക്ഷികൾ ദർശിച്ച് യേശുവിന്റെ പേർക്ക് മരിക്കാൻ തയ്യാറായി. ചവളം - കുന്തം എന്നാകുന്നു. മിശിഹാ - (അഭിഷിക്തൻ - ഹീബ്രുപദം യേശുവിന്റെ പൗരോഹിത്യവും പ്രവാചകത്വവും രാജത്വവും സൂചിപ്പിക്കുന്നു.

യേശുവിനെ പുരോഹിതനായും പ്രവാചകനായും രാജാവായും അഭിഷേകം ചെയ്തുവെന്ന് സൂചിപ്പിക്കുന്നു. ക്രിസ്തു എന്ന ഗ്രീക്കു പദത്തിനും ഇതേ അർത്ഥം തന്നെ .

www.malankaralibrary.com

വെളിവുനിറഞ്ഞോരീശോ.............

പ്രകാശപൂർണ്ണനായ യേശുവേ നിന്റെ പ്രകാശത്താൽ ഞങ്ങൾ വെളിച്ചം കാണുന്നു. ഞങ്ങൾക്ക് എല്ലാറ്റിനും ആധാരം ഈ വെളിച്ചമാണ്. സൃഷ്ടിയാൽ പ്രകാശിച്ച അതേ വെളിച്ചത്തിനു വേണ്ടി നമ്മൾ പ്രാർത്ഥിക്കുന്നു.

കാന്ത്യാ ഞങ്ങളെ........

പിതാവിന്റെ രശ്മിയായിട്ടുള്ളവനേ, നിന്റെ ശോഭയാൽ ഞങ്ങളെ എന്നും പ്രശോഭിപ്പിക്കേണമേ.

വെളിവിൻ തട്ടിൽ............

പ്രകാശ മണ്ഡലത്തിൽ വസിക്കുന്നവനും പുണ്യത്തിന് ഇരിപ്പിടവും പരിശുദ്ധനായ കർത്താവേ, ഈ ദാസരിൽ നിന്ന് വേണ്ടാത്ത കഷ്ടതയും നീചമായചിന്തയും (വീണ് - വിശേഷണപദം, വീഴ്ചയുള്ള ചിന്ത) അകറ്റി കളയണമേ. (ഒഴിക്കാ, ക്രിയയുടെ അന്ത്യത്തിൽ ദീർഘമായ 'ആ'കാരം വന്നാൽ നിഷേധാർത്ഥം സൽക്രിയകൾക്ക് മനോശുദ്ധ്യാ...........

ഞങ്ങൾ സൽപ്രവൃത്തികൾ ചെയ്യുന്നതിന് പ്രാപ്തരാകത്തക്കവണ്ണം മനഃശുദ്ധി വരാൻ ഇടയാക്കണമേ.

(സംഗീത വരണേ...........ഇടയാക്കുക)

---

*നീർച്ചാൽ തേടുന്ന മാൻപേടയെപ്പോലെ ദൈവമേ, എന്റെ ഹൃദയം അങ്ങയെതേടുന്നു. (സങ്കീ. 42.1)*

*സ്വർഗ്ഗസ്ഥനായ പിതാവ് തന്നോടു ചോദിക്കുന്നവർക്ക് എത്രയധികമായി പരിശുദ്ധാത്മാവിനെ നൽകുകയില്ല. (ലൂക്കോ. 11-13)*

*മറ്റുള്ളവരോടു നിങ്ങൾ ക്ഷമിക്കുകയില്ലെങ്കിൽ, നിങ്ങളുടെ പിതാവ് നിങ്ങളുടെ തെറ്റുകളും ക്ഷമിക്കുകയില്ല. (മത്തായി. 6-15)*

www.malankaralibrary.com

# പരസ്യ കുർബ്ബാന

സ്വഭാവ പ്രകാരം മരണമില്ലാത്തവനും................

ദൈവിക സ്വഭാവപ്രകാരം യേശു മരണമില്ലാത്തവനാണ്. പരിശുദ്ധ ത്രിത്വത്തിലെ പിതാവിനോടും പരിശുദ്ധാത്മാവിനോടും സമനായ ദൈവമാണ് പുത്രൻ തമ്പുരാൻ. ദൈവം ഒരിക്കലും മരണമില്ലാത്തവനാണ്. എന്നാൽ മനുഷ്യ ശരീരമെടുത്ത പുത്രൻ തമ്പുരാനായ യേശു ശരീരപ്രകാരം മരണം വരിച്ചു.

തന്റെ മരണത്താൽ...........

യേശു തന്റെ മരണത്താൽ മനുഷ്യനെ രക്ഷയുടെ മാർഗ്ഗത്തിലേക്കു കൊണ്ടുവന്നു. അങ്ങനെ ആത്മാവിന്റെ മരണം ഇല്ലാതാക്കി. (ആദിപാപം വഴി മനുഷ്യാത്മാവിനുണ്ടായ മരണം.)

മരണമില്ലാത്തവനായ ദൈവം യാതൊരു മാറ്റത്തിനും വിധേയനാകാതിരിക്കെ, സ്വമനസ്സാ മാറ്റത്തിനു വിധേയനായി കൊണ്ട് മനുഷ്യനായി അവതരിക്കുകയും മരണമേറ്റെടുത്തു പുതുജീവനിലേക്കു പ്രവേശിച്ചു കൊണ്ട് മനുഷ്യരുടെ മരണത്തെ ഇല്ലാതാക്കി എന്ന അവാച്യമായ ദൈവരഹസ്യമാണ് ഈ പ്രാർത്ഥനയിലൂടെ അവതരിപ്പിക്കുന്നത്.

കുറിയേലൈസോൻ.........കർത്താവേ ഞങ്ങളോടു കരുണ ചെയ്യണേ,

കുറിയേ - എന്നുള്ളത് കുറിയോസ് ഗ്രീക്കു പദത്തിന്റെ വിളി രൂപം. കുറിയോസ്, കർത്താവേ.

എലൈസോൻ. ഞങ്ങളോടു കരുണ ചെയ്യണേ.

ഭൂവിലശേഷം ദൈവത്താൽ..........

ദൈവത്താൽ പ്രേരിതരായ ശ്ലീഹന്മാർ ഭൂമിയിലെങ്ങും പോയി. ജാതികളുടെ ഇടയിൽ ലോകത്തിന്റെ അതിരുവരെ (ഏവൻഗേലിയോൻ) സുവിശേഷം പ്രസംഗിച്ചു. ശ്ലീഹന്മാർ - അയക്കപ്പെട്ടവർ. ശ്ലീഹോ - എന്ന സുറിയാനി പദം. ഏവൻഗേലിയോൻ. ഏവൻഗേലിയോൻ എന്ന ഗ്രീക്കു പദത്തിന്റെ തത്സമം. എവാൻജേലിയും എന്ന ലാറ്റിൻ പദം - സുവിശേഷം, സദ്വാർത്ത എന്നർത്ഥം. സീമ - അതിര്. ഈ സുവിശേഷം സ്വീകരിക്കുന്നോർക്കെല്ലാം സൗഭാഗ്യം ലഭിക്കുമെന്നും അവർ അറിയിച്ചു.

www.malankaralibrary.com

## നടപടി പുസ്തകം.

ശ്ലീഹന്മാരുടെ - അപ്പസ്തോലന്മാരുടെ പ്രവൃത്തികൾ എന്ന പേരിൽ പുതിയ നിയമത്തിലുള്ള അഞ്ചാമത്തെ ഈ ഗ്രന്ഥം മൂന്നാം സുവിശേഷം എഴുതിയ ലൂക്കോസ് രചിച്ചു. ആദിമസഭയുടെ ചരിത്രമാണിത്.

## പൗലോസ് ശ്ലീഹാ

ധന്യനായ പൗലോസ് ശ്ലീഹായുടെ ഇപ്രകാരമുള്ള വാക്കുകൾ ഞാൻ കേട്ടു. ഞങ്ങൾ പഠിപ്പിച്ചതിനെതിരായി ഒരു ദൈവ ദൂതൻ വന്ന് എന്തെങ്കിലും പഠിപ്പിച്ചാൽ പോലും അങ്ങനെ പഠിപ്പിക്കുന്നവന് ശാപമേല്ക്കും.

യേശുവിന്റെ ഉയിർപ്പിന്റെ ദർശനത്തിലൂടെ പിതാവും തന്റെ ഏകജാതനുമായ സഭയുമായുള്ള ഉൾച്ചേരലിനെ സത്യമായി മനസ്സിലാക്കി വിശ്വാസികൾക്കു പറഞ്ഞു കൊടുത്ത വി. പൗലോസിന്റെ ലേഖനങ്ങളിൽ നിന്നുള്ള വായന വി. കുർബ്ബാനയുടെ സാരവത്തായ ഭാഗമായി സഭ എന്നും പരിഗണിയ്ക്കുന്നു. ഓരോ കുർബ്ബാനയ്ക്കും ഈ വായന പ്രധാന ഘടകമാണ്.

വചന ശുശ്രൂഷയുടെ ഏറ്റം പ്രധാന ഭാഗമാണ് സുവിശേഷ പാരായണം. വി. കുർബ്ബാനയിൽ 'നിങ്ങൾക്ക് എല്ലാവർക്കും സമാധാനമുണ്ടാകട്ടെ' എന്ന സമാധാന ആശംസ ആദ്യമായി നൽകുന്നു. സുവിശേഷത്തിൽ അടങ്ങിയിരിക്കുന്ന ദൈവശക്തിയാണ് സമാധാനം. സുവിശേഷ വായനയ്ക്കു മുൻപ് ദൈവത്തിന്റെ ജീവനുള്ള വചനവും കന്യകമറിയാമിൽ നിന്നു ശരീരം എടുത്തവനും നമ്മുടെ കർത്താവും ദൈവവുമായ യേശുമിശിഹായുടെ ഉത്ഥാനകാലത്ത് ഇപ്രകാരം സംഭവിച്ചു എന്നു പറയുമ്പോൾ "വചനാവിഷ്കരണത്തിന്റെ മൂന്നു ഘട്ടമാണ് എടുത്തു കാണിക്കുന്നത്.

(1) പിതാവിൽ നിന്നുള്ള വചനത്തിന്റെ നിത്യ ജനനം.

(2) കന്യകാമറിയാമിൽ നിന്നുള്ള മാനുഷികജനനം

(3) സഭയിലൂടെ വിശ്വാസികളുടെ ഹൃദയങ്ങളിൽ ഉരുവാകുന്ന വചനത്തിന്റെ പൂർത്തീകരണം.

ഈ പശ്ചാത്തലത്തിൽ സുവിശേഷ പാരായണം ഏറ്റം പ്രസക്തവും അർത്ഥവത്തുമാകുന്നു.

www.malankaralibrary.com

സ്തൗമൻ കാലസ് കുറിയേലൈസോൻ എന്നു ശുശ്രൂഷകൻ പറയുമ്പോൾ നന്നായി - ഭംഗിയായി നില്ക്കാം എന്നാണ്. സ്തൗമൻ ഗ്രീക്കുപദം - നില്ക്കാം, കാലോസ് - നന്നായി. ശുശ്രൂഷകൻ നന്നായി നിൽക്കണം എന്നു പറയുമ്പോൾ വിശ്വാസികൾക്കുണ്ടാകേണ്ട ആത്മീയ ഒരുക്കത്തെ സൂചിപ്പിക്കുന്നു. മാനസാന്തരപ്പെട്ട് പാപപരിഹാര സ്വീകരണത്തിന് ഒരുങ്ങണം എന്നാണ് ധ്വനി.

പ്രൂമിയോൻ. ആമുഖ പ്രാർത്ഥന എന്നർത്ഥം.

സുറിയാനി പദമാണ് ഇംഗ്ലീഷിൽ (Preface) ധൂപപ്രാർത്ഥന എന്നും അർത്ഥമുണ്ട്.

സെദറാ - ചിട്ടപ്പെടുത്തിയ പ്രാർത്ഥന. സുറിയാനിപദം.

## ധൂപക്കുറ്റി വാഴ്ത്തൽ

സ്വർഗ്ഗത്തിൽ നിന്ന് ഭൂമിയിലേക്ക് ഇറങ്ങി വരുന്ന ദൈവം പാപികളായ മനുഷ്യരെ പരിശുദ്ധരാക്കിത്തീർക്കുന്ന പ്രക്രിയയുടെ അനുസ്മരണമാണ് ധൂപക്കുറ്റി വാഴ്ത്തൽ. ധൂപക്കുറ്റിയുടെ ചങ്ങല പിതാവ്, പുത്രൻ,പരിശുദ്ധാത്മാവ് എന്നതിനെ സൂചിപ്പിക്കുന്നു. പുത്രൻ എന്നു പറഞ്ഞുകൊണ്ട് രണ്ടു ചങ്ങലകൾ ആശീർവദിക്കുന്നത് മനുഷ്യപുത്രനിലുള്ള ദൈവസ്വഭാവത്തേയും, മനുഷ്യസ്വഭാവത്തേയും സൂചിപ്പിക്കുന്നു. പന്ത്രണ്ട് മണിയിൽ 12 അപ്പസ്തോലന്മാരുടെ പ്രതീകം. മുകളിലത്തെ തട്ട് സ്വർഗ്ഗത്തേയും താഴത്തേതു ഭൂമിയേയും അനുസ്മരിക്കുന്നു. കരി,പാപിയായ മനുഷ്യൻ അഗ്നിയാകുന്ന പരിശുദ്ധാത്മാവ് ശുദ്ധീകരിച്ച് ക്രിസ്തുവിനെപ്പോലെ പ്രകാശം പ്രസരിക്കുന്നവരാക്കിത്തീർക്കുന്നു.

കാർമ്മികൻ ചൊല്ലുന്ന പരിശുദ്ധനായ ദൈവം പരിശുദ്ധൻ എന്നതിന് പരിശുദ്ധൻ എന്ന ആദ്യപദം ദൈവത്തിന്റെ പരമപരിശുദ്ധിയേയും രണ്ടാമത്തെ പദം വിശ്വാസികൾക്കു ലഭ്യമാകുന്ന രക്ഷകപരിശുദ്ധിയേയും സൂചിപ്പിക്കുന്നു. ഈ പദത്തിലൂടെ ത്രിത്വത്തിലെ മൂന്നാളുകളേയും അനുസ്മരിക്കുന്നു. ത്രിത്വത്തിന്റെ അനുസ്മരണ ആദ്യമായി വി. കുർബ്ബാനയിൽ നടത്തുന്നത് ഈ സന്ദർഭത്തിലാണ്. അതുകൊണ്ട് കർത്താവിന്റെ മാമോദീസായുടെ അനുസ്മരണ കൂടിയാണ് ഈ കീർത്തനം.

---

*വാങ്ങി ഭക്ഷിക്കുവിൻ. ഇത് എന്റെ ശരീരമാണ് (മത്തായി 26.26)*

www.malankaralibrary.com

## ദിവ്യജ്ഞാനം ഉൽഘോഷിക്കപ്പെടുന്നു.

തന്റെ ആവാസത്തിലൂടെ വിശ്വാസികളുടെ ഹൃദയങ്ങളിൽ പരിശുദ്ധാത്മാവ് പഠിപ്പിക്കുന്നു. ചരിത്രഅനുഭവം വി. സഭ പഠിപ്പിക്കുന്നതനുസരിച്ച് ഈ വിശ്വാസ പ്രമാണത്തിലൂടെ ഏറ്റുചൊല്ലുന്ന വിശ്വാസ പ്രമാണമാണ്. അത് വെളിപ്പെടുത്തപ്പെട്ട സത്യ വിശ്വാസത്തിന്റെ ഒരു സംഗ്രഹമാകയാലാണ് ദിവ്യജ്ഞാനം എന്നു പറയുന്നത്.

വിശ്വാസപ്രമാണം ക്രിസ്ത്യാനികൾ വിശ്വസിക്കേണ്ട അടിസ്ഥാനപരമായ സത്യങ്ങളുടെ സമഗ്രമായ സമാഹാരമാണ് വിശ്വാസ പ്രമാണം. നിഖ്യാ വിശ്വാസപ്രമാണം, അപ്പസ്തോലന്മാരുടെ വിശ്വാസ പ്രമാണം, അത്താനാസിയോസിന്റെ വിശ്വാസപ്രമാണം എന്നിങ്ങനെ പലതുണ്ട്. ഇതിൽ നിഖ്യാ വിശ്വാസപ്രമാണമാണ് ഇവിടെ ചൊല്ലുന്നത്. നിഖ്യാ, കുസ്തന്തിനോ പോലീസ് , സുന്നഹദോസ് പ്രഖ്യാപിച്ചത്. ഇതാണ് എല്ലാ സഭകളുടേയും ഔദ്യോഗികപ്രമാണം.

അനാഫുറാ - വി. കുർബ്ബാനയുടെ പ്രധാനഭാഗം ഗ്രീക്കുപദം. വചന ശുശ്രൂഷയുടെ രണ്ടാം ഭാഗം.

എവുക്കറെസ്തിയ കൃതജ്ഞതാ സ്തോത്രമാകുന്നു.

റൂശ്മാ ചെയ്യുക - ആശീർവദിക്കുക

നിബിയർ - പ്രവാചകർ, ശ്ലീഹന്മാർ അയക്കപ്പെട്ടവർ.

മൗദ്യാനന്മാർ - വിശ്വാസം ഏറ്റു പറയുന്നവർ

മൂന്നും സുറിയാനി പദങ്ങൾ

മല്പാന്മാർ - പഠിപ്പിക്കുന്നവൻ, സഭാപണ്ഡിതന്മാർ സുറിയാനിപദം.

## കൈകസൂരി കൊടുക്കുന്നു.

ക്രിസ്തുവിന്റെ ബലിയിലൂടെ വിശ്വാസികൾ ഒരു ശരീരമായിത്തീരുന്നു എന്ന പരമാർത്ഥം സമ്മതിച്ച് ഒരു പുതിയ ബന്ധത്തിലേക്ക് പ്രവേശിക്കാൻ എല്ലാവരും ഒത്തു ചേരുന്ന പ്രക്രിയയാണ് അവർ തമ്മിലുള്ള പരസ്പര ചുംബനം അനുസ്മരിപ്പിക്കുന്നത്.

ശോശാപ്പാ - ആവരണം എന്നതാണ്.

ക്രിസ്തു മരിച്ചതോടെ തന്റെ ശരീരമാകുന്ന ആവരണം ഭേദിച്ചു

www.malankaralibrary.com

പുറത്തു വരുന്നു. ഇത് പ്രത്യക്ഷപ്പെടുന്നത് കല്ലറ തുറന്നുള്ള പ്രാർത്ഥനയോടെയാണ്.

ശോശാപ്പാ - പിതൃ സന്നിധിയിൽ നമുക്കുവേണ്ടി മാദ്ധ്യസ്ഥം നടത്തുന്ന കർത്താവായ യേശുക്രിസ്തുവിനെ അനുസ്മരിക്കുന്നു. യേശുവിന്റെ മരണവും ഉത്ഥാനവുമാണ് ഈ സ്മരണയുടെ കാതൽ.

സ്വർഗ്ഗത്തിൽ, പിതൃസന്നിധിയിൽ നിന്നിറങ്ങി വന്ന ക്രിസ്തു തന്റെ ശിഷ്യർക്കായി വീതിച്ചുകൊടുക്കുന്ന വിരുന്നാണല്ലോ വി. കുർബ്ബാന.

പെസഹാ രഹസ്യം എന്നറിയപ്പെടുന്നത്, ഉയർത്തപ്പെട്ടതും സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടതും ഒത്തുചേരുന്ന പെസഹാ അനുസ്മരണത്തിന്റെ പുനരവതരണമാണ്.

ദൈവത്തിന്റെ പരിശുദ്ധി നമുക്ക് വെളിപ്പെടുന്ന അവസരമായതുകൊണ്ട് സ്വർഗ്ഗത്തിലെ മാലാഖമാർ പാടി സ്തുതിക്കുന്നതിനോട് ചേർന്ന് വിശ്വാസികളും സ്തോത്രഗാനം ആലപിക്കുന്നു. ഓശാന........

പെസഹാ അത്താഴം - വാഴ്ത്തി ശുദ്ധീകരിച്ച് എന്നതിലൂടെയാണ് അപ്പം കർത്താവിന്റെ ശരീരമായി പകർത്തുന്നതെന്ന് സഭ വിശ്വസിക്കുന്നു.

അനിൻമൊറിയോ.......കർത്താവേ കരുണ ചെയ്യേണമേ. ഏലിയാ മുട്ടിപ്പായി സ്വർഗ്ഗത്തിൽ നിന്ന് അഗ്നി ഇറങ്ങിവരാൻ പ്രാർത്ഥിച്ചതുപോലെ ദൈവാത്മാവ് ഇറങ്ങി വന്ന് അപ്പത്തേയും വീഞ്ഞിനേയും കർത്താവിന്റെ തിരുശരീര രക്തങ്ങളാക്കുന്ന പ്രക്രിയ പൂർത്തിയാക്കുന്നു. തിരുശരീരവും രക്തവുമായി യോജിപ്പിക്കുന്നു. തിരുശരീരം മുറിക്കുന്നു. മരണത്തെ സൂചിപ്പിക്കുന്നു. സൂര്യൻ ഇരുണ്ടതായി സൂചിപ്പിക്കുന്നു, മറയിടീൽവഴി. ആ സമയം പ്രാർത്ഥിക്കുന്നു.

നീതിമാനായ പിതാവേ, നിന്റെ വാത്സല്യപുത്രനെ, രഞ്ജക ബലിയായപുത്രനെ നിന്റെ പ്രീതിക്കായി ബലിയർപ്പിച്ചത് ദയവോടെ സ്വീകരിക്കണമേ. എന്റെ പേർക്കായ് മരിച്ചവനെ സ്വീകരിച്ച് എന്റെ പാപം നീക്കി ഈ കാഴ്ച സ്വീകരിക്കേണമേ. നിന്റെ സന്നിധിയിൽ ഞാൻ ചെയ്ത അപരാധങ്ങൾ ഓർക്കരുതേ. ഗോഗുൽത്തായിൽ ദുഷ്ടന്മാർ അങ്ങയുടെ പുത്രന്റെ രക്തം ചിന്തിയത് സ്വീകരിച്ച് എന്റെ യാചന കേൾക്കണമേ. എന്റെ പാപം എത്രയോ വലുത്, നിന്റെ കൃപ

www.malankaralibrary.com

യതിലും വലുതാണല്ലോ. തൂക്കിനോക്കുമ്പോൾ പർവ്വതങ്ങളേക്കാൾ കൃപ ഭാരമുള്ളതാണല്ലോ. നിന്റെ പ്രിയ പുത്രൻ എന്റെ പേർക്കായി ഏറ്റ ആണികളുടെ പീഡകൾ നിന്റെ കോപത്തെ ഇല്ലാതാക്കുമല്ലോ. ഞങ്ങളുടെ രക്ഷയ്ക്ക് സുതനെ അയച്ച പിതാവിന് സ്തുതി. ക്രൂശിൽ മരിച്ച് എല്ലാവരേയും ജീവിപ്പിച്ച പുത്രനും വന്ദനം. രക്ഷയുടെ രഹസ്യം ആരംഭിച്ച് പൂർത്തിയാക്കിയ റൂഹായ്ക്ക് സ്തുതി. പരമോന്നതത്രിത്വമേ ഞങ്ങളിൽ കൃപ ചൊരിയണമേ.

അൻപുടയോനെ...............സ്നേഹത്തിനിരിപ്പിടമായവനേ-

ഈ ദാസരുടെ ശബ്ദം അങ്ങയുടെ അടുക്കലേക്കെത്തുന്നു.

നിന്നുതവിക്കായി അങ്ങയുടെ സഹായത്തിനായി ബലഹീനരായ ഞങ്ങൾ വിളിക്കുന്നു. ഉതവി-സഹായം.

ആവശ്യത്താൽ യാചിക്കുന്നു..............ആവശ്യങ്ങൾ നിറവേറ്റാൻ വേണ്ടി യാചിക്കുന്ന ഈ ദാസരെ ഉപേക്ഷിക്കല്ലേ. ഈ ദാസരെ കരുണയോടു ശിക്ഷിച്ച് അങ്ങയുടെ കോപം അകറ്റി പരിരക്ഷിക്കണേ. നിന്റെ കരുണയുടെ വാതിൽ തുറന്ന് ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

ബാറക്മോർ. കർത്താവേ അനുഗ്രഹിക്കണമേ.

സുറിയാനിയിലെ രണ്ടു വാക്കുകൾ

ബാറേക്ക് - അനുഗ്രഹിച്ചാലും

മോർ - മൊറിയോ (കർത്താവേ) എന്നതിന്റെ ചുരുങ്ങിയ രൂപം.

## കർത്തൃ പ്രാർത്ഥന

കർത്താവ് ശിഷ്യന്മാരെ പഠിപ്പിച്ച അതിവിശിഷ്ടമായ പ്രാർത്ഥനയാണ് ഇനിയും ചൊല്ലുന്നത്. അന്യോന്യമുള്ള ക്ഷമയും സ്നേഹവും ഓരോരുത്തരുടേയും ഉള്ളിൽ നിറച്ചു കൊണ്ടു വേണം ദൈവത്തോട് നമ്മുടെ കടങ്ങളും (തെറ്റുകൾ) പാപങ്ങളും ക്ഷമിക്കണമേ എന്ന് അപേക്ഷിക്കുവാൻ. നമ്മുടെ ഉള്ളിൽ ക്ഷമയും സ്നേഹവും ഇല്ലെങ്കിൽ ദൈവത്തിൽ നിന്ന് ഇവ ലഭിക്കുകയില്ലെന്ന് കർത്താവ് ഇവിടെ പഠിപ്പിക്കുന്നു.

'സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ' ഇങ്ങനെ വിളിക്കാൻ കർത്താവ് കല്പിച്ചപ്പോൾ സ്വർഗ്ഗത്തിൽ നമുക്ക് ഒരു പിതാവ് ഉണ്ടെന്നു ഉറപ്പിച്ചു പഠിപ്പിക്കയാണു ചെയ്യുന്നത്. ഇല്ലാത്ത പിതാവിനെ വിളി

www.malankaralibrary.com

ക്കാൻ ആണ് പറയുന്നതെങ്കിൽ അത് കളവായിരിക്കും. എന്നാൽ യേശു പരിശുദ്ധിയുടേയും വിജ്ഞാനത്തിന്റെയും പരിപൂർണ്ണതയാകയാൽ ശത്രുക്കൾക്കു പോലും തന്നിൽ യാതൊരു കുറ്റവും ആരോപിക്കാൻ കഴിയാത്തതിനാൽ, താൻ തെറ്റോ,കളവോ, പഠിപ്പിക്കുകയില്ല എന്ന കാര്യം സുനിശ്ചിതമാണ്. അതിനാൽ പിതാവായ ദൈവം ഉണ്ടെന്ന് പൂർണ്ണമായും തീരുമാനിക്കാൻ നമുക്ക് സാധിക്കും.

എന്റെ പിതാവേ, എന്നു വിളിക്കാനല്ല, ഞങ്ങളുടെ പിതാവേ എന്നു വിളിക്കാനാണ് പഠിപ്പിച്ചത്. അതിനാൽ അൾത്താരയെ ഉറ്റു നോക്കി ബലിയർപ്പിക്കുന്ന ദൈവജനം ഒരേ പിതാവിന്റെ മക്കളാണെന്നും തന്മൂലം സഹോദരങ്ങളാണെന്നും മനസ്സിലാക്കേണ്ടതുണ്ട്.

പരീക്ഷയിൽ പ്രവേശിപ്പിക്കരുതേ...............

പ്രലോഭനങ്ങളിൽ ഉൾപ്പെടാൻ അനുവദിക്കരുതേ എന്നു പ്രാർത്ഥിക്കുന്നുണ്ടെങ്കിലും അവ ഉണ്ടായാലും, കീഴടക്കാൻ സഹായിക്കണേ എന്നർത്ഥം കൂടിയുണ്ട്.

ദുഷ്ടനിൽ നിന്ന് ഞങ്ങളെ രക്ഷിക്കണമേ.........

ദുഷ്ടതയുടെ ഉത്ഭവസ്ഥാനങ്ങളായ പിശാചിനേയും ദുഷ്ടമനുഷ്യരേയും ഇത് സൂചിപ്പിക്കുന്നു.

തിന്മയിൽ നിന്നു രക്ഷിക്കണം എന്ന പ്രയോഗവും ഉണ്ട്.

അതായാലും മുൻപ് പറഞ്ഞ അർത്ഥം തന്നെ കിട്ടുന്നു.

## കുക്കിലിയോൻ.

കണ്ണികൾ ചേർത്തുള്ള ചങ്ങലപോലെ പലഗാനങ്ങൾ കൂട്ടിച്ചേർത്തിട്ടുള്ളതിനാണ് കുക്കിലിയോൻ എന്ന സുറിയാനി പദത്തിന് അർത്ഥം.

നിന്നാൾ സ്തുതി...........ആ രാജമകൾ മഹത്വത്തോടെ നിന്നു. ഇവിടെ ദാവീദിന്റെ ഗോത്രത്തിൽപ്പെട്ട ദൈവമാതാവായ മറിയാമിനെയാണ്, രാജമകളായി വിശേഷിപ്പിച്ചിരിക്കുന്നത്.

നിന്നാൾ - അവൾ നിന്നു

ആ രാജമകൾ നിന്റെ വലത്തുഭാഗത്തു (യേശുവിന്റെ) നില്ക്കുന്നു. ഈ രണ്ടു വരികൾ സങ്കീർത്തനത്തിൽ നിന്നുള്ള ഉദ്ധരണിയാണ്.

www.malankaralibrary.com

നിന്നഴകരചൻ മോഹിപ്പാൻ.................

ആ രാജാവ് നിന്റെ സൗന്ദര്യത്തിൽ മോഹിക്കുന്നു. ആ സൗന്ദര്യദർശനത്തിൽ നിന്റെ ജനം പിതൃഗൃഹം പോലും മറന്നു. ഇവിടെ ദൈവത്തെയാണ് രാജാവായി വിശേഷിപ്പിച്ചിരിക്കുന്നത്. ആത്മീയ സൗന്ദര്യത്തിലാണ് രാജാവും ജനവും ആകൃഷ്ടരാകുന്നത്. ഈ വരികളും സങ്കീർത്തന ഭാഗം തന്നെ.

ഭക്തർ പുകഴ്ചാ ഭാജനമേ.....

ഭക്ത ജനങ്ങളുടെ പുകഴ്ചയ്ക്ക് പാത്രമായവളേ, നിന്നിൽ നിന്നു ജനിച്ച് ഏകപുത്രന്റെ തിരുഹൃദയം ഞങ്ങളിൽ അലിവു കാണിക്കാൻ അവന്റെ പക്കൽ നീ അപേക്ഷിക്കണമേ.

മന്നമകൾക്കായി............

ദൂതശ്രേഷ്ഠൻ സമാധാനവുമായി രാജപുത്രിയുടെ അടുത്തെത്തി. ഗബ്രിയേൽ മാലാഖ നസ്രത്തിൽ മറിയത്തിന്റെ അടുത്തു പോയതിനെ സൂചിപ്പിക്കുന്നു. ശ്ലോമോ................എന്ന സുറിയാനി പദത്തിന് സമാധാനം. നിന്നോടുകൂടെൻ നാഥൻ..........മാലാഖ അവളോടു പറഞ്ഞു. എന്റെ കർത്താവ് നിന്നോടുകൂടെ. അവൻ നിന്നിൽ നിന്നുദിക്കും.

അഖില ജഗൽപതിയേ .............

സർവ്വലോകത്തിന്റെയും അധിപതിയെ നായകനായി, മറിയം മടിയിൽ കയറ്റിലാളിക്കുകയും അവൾ അവനെ അതിയായി ബഹുമാനിക്കുകയും ചെയ്തു. അവൾ കപ്പിത്താനെ വഹിക്കുന്ന വലിയ കപ്പലായി തീർന്നു.

മോറോനീശോ................ഞങ്ങളുടെ കർത്താവേ, നിന്റെ കുരിശാലും നിന്റെ മാതാവിന്റെ പ്രാർത്ഥനയാലും കോപത്തിന്റെ അടികളും വടികളും ഇല്ലാതാക്കണമേ.

(ദൈവ കോപത്തിൽ നിന്നുണ്ടാകുന്ന ശിക്ഷകൾ.)

പരി. ദൈവമാതാവും വി. സ്ലീബായും തമ്മിലുള്ള ബന്ധം ബലിയുടെ അർത്ഥം കൂടുതൽ വെളിപ്പെടുത്തുന്നു. മാതാവിന്റെ അർപ്പണം യേശു കുരിശിൽ പൂർത്തിയാക്കി.

നയവാൻ പനപോലെ ..............

www.malankaralibrary.com

നീതിമാൻ പനപോലെ തളിർക്കുകയും ലബനോനിലെ കാരകിൽ പോലെ വളരുകയും ചെയ്യും.

ലബനോൻ - പാലസ്തീനിലെ ഒരു സ്ഥലം.

കാര്അകിൽ - കട്ടികൂടിയ അകിൽമരം. ഈ സങ്കീർത്തന വാക്യം നീതിമാന്മാരെ ദൈവം എപ്രകാരം സംരക്ഷിക്കുമെന്ന് സൂചിപ്പിക്കുന്നു.

ഒരു പോലിങ്ങും ..........അല്ലയോ തോമാശ്ലീഹാ

(ഏതെങ്കിലും വിശുദ്ധൻ) നിന്റെ ഓർമ്മ മുകളിലും താഴെയും ഒരു പോലെയുണ്ടാകട്ടെ. ഉണ്ട്.

ഉതകണമേ.........നിന്നെ ഓർമ്മിച്ചു ബഹുമാനിക്കുന്നവരെ നിന്റെ പ്രാർത്ഥനയാൽ സഹായിക്കണമേ.

പ്രാർത്ഥനയിൽ സമയ.............ഇതാണ് പ്രാർത്ഥനയുടെ സമയം. പതിവനുസരിച്ച് നിന്നോടൊരുമിച്ച് എല്ലാവരും പ്രാർത്ഥിക്കട്ടെ.

ഇമ്പമെഴും നിൻപാട്ടിൽ ശ്രദ്ധിച്ചീടും ................

പ്രിയങ്കരമായ നിന്റെ പ്രാർത്ഥനയുടെ ശബ്ദം കേംക്കുന്ന നിന്റെ ആടുകളായ ഞങ്ങളെ, മൂശ തന്റെ തൃക്കൈയാൽ ആട്ടിൻകൂട്ടത്തെ വാഴ്ത്തിയ പോലെ വാഴ്ത്തേണമേ.

എക്ബാ - ഇടയ്ക്കുള്ളത്, കോലോ - ശബ്ദം.

ബോവൂസോ - അപേക്ഷ. റൂഹോ - പരിശുദ്ധാത്മാവ്

മൊറിയോറാഹേം അലൈൻ

കർത്താവേ ഞങ്ങളുടെമേൽ കരുണ ചെയ്യണമേ. ചാർത്തും നീതിയെ.........,മക്കളിലപ്പൻ, മരിച്ചു പോയ ശ്രേഷ്ഠാചാര്യന്മാരെയും വൈദികരെയും ഓർത്തു പ്രാർത്ഥിക്കുന്നു.

അപ്പൻ മക്കളിൽ കരുണ കാണിക്കുന്ന പോലെ ഭക്തന്മാരിൽ ദൈവം കരുണ കാണിക്കും.

പുല്ലിനു തുല്ല്യം ...........മനുഷ്യന്റെ ജീവിതം പുല്ലുപോലെ നിസ്സാരമാണ്. അത് വയലിൽ പൂക്കുന്ന പൂച്ചെടിപോലെ (പൂച്ചെടി പെട്ടെന്നു കരിയുന്നതു പോലെ മനുഷ്യജീവിതം അവസാനിക്കും.)

ശരണത്താലെ ...........

www.malankaralibrary.com

നിന്റെ കൃപയിലുള്ള ശരണത്തോടെ മരിച്ച ലാസറെ ജീവസ്വരത്താൽ ജീവിപ്പിച്ചതുപോലെ കബറിൽ നിന്നും പറുദീസായിലേക്കു നയിക്കണമേ.

കബർ - സുറിയാനിപദം കല്ലറ.

പറുദീസാ - സ്വർഗ്ഗം.

എന്റെ ശരീരം ഭക്ഷിച്ചെൻ രക്തം.........

"എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നവനെ, നരകത്തിൽ പോകാൻ ഞാൻ വിടുകയില്ല."

വിടാ - വിടുകയില്ല, ക്രിയയുടെ അന്ത്യത്തിൽ ദീർഘകാരം പ്രയോഗിച്ചാൽ നിഷേധാർത്ഥം.

"അവൻ എന്നും ജീവിക്കാനായിട്ടാണ് ഞാൻ ലോകത്തിൽ വന്നു മരിച്ചത്." (ഇതു കർത്താവിന്റെ വാക്കുകളാണ്.) ഇപ്രകാരമുള്ള കർത്താവിന്റെ തിരുമൊഴിക്ക് മഹത്വമുണ്ടാകട്ടെ.

## മരമതിനുയരെ കർത്താവേ..........

കർത്താവേ, നിന്നോടുകൂടി കുരിശിൽ തറയ്ക്കപ്പെട്ട ആ നല്ല കള്ളനു കിട്ടിയ നിന്റെ അനുഗ്രഹം, ത്രീത്വത്തെ ആരാധിച്ച് ജീവിച്ചു മരിക്കുന്ന ഏവരും സ്വീകരിക്കാൻ ഇടയാക്കണമേ. ദൈവത്തിന്റെ കരുണയുടെ മകുടോദാഹരണമാണ് നല്ലകള്ളന് അന്ത്യനിമിഷത്തിൽ കിട്ടിയ രക്ഷാനാമം.

കാഴ്ചയതിൽ കർത്താവേ........

കർത്താവേ, ഈ ബലിയർപ്പണത്തിൽ നിന്റെ തിരുവുള്ള് ആനന്ദിക്കുന്നതു വഴി, മരിച്ച നല്ല ആളുകൾക്ക് പുണ്യം ലഭിക്കുകയും മാലാഖമാർ ആനന്ദിക്കുകയും ചെയ്യട്ടെ.

## തിരു ശരീരരക്തങ്ങൾ വഹിച്ചു കൊണ്ടുള്ള പടിഞ്ഞാറോട്ടുള്ള പ്രദിക്ഷണം.

നിത്യജീവന്റെ പ്രതീകമായ വി.കുർബ്ബാന ദൈവത്തിന്റെ കാരുണ്യത്തിന്റെ പരമമായ പ്രകടനം കൂടിയാണ്. യേശു എല്ലാവരെയും ആശീർവദിച്ചു കൊണ്ട് അവരെയെല്ലാം തന്റെ ഏകശരീരത്തിൽ ഉൾ

www.malankaralibrary.com

പ്പെടുത്താൻ ആഗ്രഹിക്കുന്നു. അപ്പത്തിന്റെ രൂപത്തിൽ യേശുവിനെ സ്വീകരിക്കുന്നവർ കർത്താവിന്റെ ശരീരത്തിൽ പങ്കുകാരായി നിത്യഭാഗ്യത്തിലേക്ക് വിളിക്കപ്പെടുന്നു. എന്നാൽ ഏതെങ്കിലും വിശ്വാസി അവിശ്വാസം കൊണ്ടോ അയോഗ്യതകൊണ്ടോ യേശുവിൽ നിന്ന് അകന്നു നിൽക്കുമ്പോൾ അവൻ കർത്താവിൽ അന്യനാകുന്നു. മാത്രമല്ല, അവിടുത്തെ ശിക്ഷയ്ക്കും പ്രതികാരത്തിനും പാത്രമായിത്തീരുന്നു.

വിശ്വാസികൾ വിശുദ്ധ കുർബ്ബാന സ്വീകരിക്കുന്നു.

" സ്വർഗ്ഗത്തിൽ നിന്നിറങ്ങിയ ജീവനുള്ള അപ്പം ഞാനാണ്. ആരെങ്കിലും ഈ അപ്പത്തിൽ നിന്നു ഭഷിച്ചാൽ അവൻ എന്നേക്കും ജീവിക്കും ."(യോഹഃ 6.51)

ക്രിസ്തുവിന്റെ ശരീരവും രക്തവും സ്വീകരിക്കുമ്പോൾ ദൈവവുമായി നാം ഒന്നായിത്തീരുന്നു. അപ്പോൾ വിശുദ്ധ പൗലോസിനോടു ചേർന്ന് നമുക്കും പറയാം. 'എന്തെന്നാൽ ദൈവത്തിനായി ജീവിക്കേണ്ടതിന് നിയമത്തിലൂടെ നിയമത്തിന് മൃതനായി. ഞാൻ ക്രിസ്തുവിനോടുകൂടി ക്രൂശിതനായിത്തീർന്നിരിക്കുന്നു. ഇനിമേൽ ഞാനല്ല ജീവിക്കുന്നത്. ക്രിസ്തുവാണ് എന്നിൽ ജീവിക്കുന്നത്. (ഗലാഃ 2- 19,22)

പട്ടക്കാരൻ മൂന്നു പ്രാവിശ്യം റൂശ്മോ ചൊല്ലി ആശീർവദിക്കുന്നത് മലങ്കര ക്രമത്തിന്റെ പ്രത്യേകതയാണ്. പിതാവ് പുത്രനെ ലോകത്തിലേക്കു തന്നതുപോലെ ക്രിസ്തു ഓരോ വിശ്വാസിയേയും തന്റെ ദൗത്യപൂർത്തീകരണത്തിനു ലോകത്തിലേക്ക് അയ്ക്കുന്നു. ഈ പൂർത്തീകരണത്തിൽ വിശ്വാസികൾക്ക് ശക്തി നൽകുന്നത്, നമ്മുടെ കർത്താവിന്റെ തിരുശരീര രക്തങ്ങളാണ്. യേശുവും വിശ്വാസികളും തമ്മിലുള്ള ബന്ധത്തൊടൊപ്പം വൈദികരും വിശ്വാസികളും തമ്മിലുള്ള ഹൃദ്യമായ ബന്ധത്തെയും ഇത് സൂചിപ്പിക്കുന്നു.

---

*"രക്ഷയുടെ കിണറ്റിൽ നിന്ന് നീ സന്തോഷത്തോടെ ജലം കോരിയെടുക്കും" (ഏശയ്യ. 12.3)*

എന്നെ അനുഗമിക്കുക, ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാക്കും. (മത്തായി - 4.19)

www.malankaralibrary.com

## ഉപസംഹാരം

ഇതിനുശേഷം മറയിടുന്നു.

വിശ്വാസികൾ "എന്റെ കടങ്ങളശേഷം" "മോറാനേശുമ്ശിഹാ" എന്ന ഗാനങ്ങളോ ആലപിക്കുന്നു. പട്ടക്കാരൻ തിരുപാത്രങ്ങൾ വെടിപ്പാക്കിയശേഷം മറനീക്കി പറത്തുവരുന്നു. വിശ്വാസികളെ ഓരോരുത്തരായി ആശീർവദിച്ചു പറഞ്ഞയക്കുന്നു. പട്ടക്കാരും വിശ്വാസികളും തമ്മിലുള്ള വലിയ ബന്ധത്തെയാണ് സൂചിപ്പിക്കുന്നത്. ജനം ഇടുന്ന കാഴ്ച ദൈവത്തിനു കൊടുക്കുന്ന അർപ്പണമാണ്. ഇതു വി. കുർബാനയുടെ മനോഹരമായ പര്യവസാനമാണ്!

### അഭിവാദനം ! അനുമോദനം !!

കുറച്ചുകാലമിവിടാദ്ധ്യാത്മികാചാര്യനാ
യിരുന്നോരവിടുത്തെ മറക്കില്ലറിഞ്ഞാലും!

ആർക്കുമാനന്ദമേകാൻ സംഗതിയായീടട്ടെ -
ന്നോർക്കുന്നു പ്രാർത്ഥിക്കുന്നു ദൈവമാതാവോടായി.

നന്മനേർന്നീടുന്നങ്ങേയ്ക്കെന്നെപോൽ ഈസൽകൃതി
യുണ്മയിൽ വായിച്ചീടുന്നോർക്കുമാത്മാർത്ഥമായി.

ഉത്തമമായി കൃതിക്കായിട്ടാത്മാർത്ഥം നന്ദി
സത്തമരാരും തന്നെ യർപ്പിക്കും നിസ്സംശയം

സാധുവാമീയുള്ളോനും അർപ്പിക്കുന്നങ്ങേയ്ക്കേറ്റം
സാധുവാം കൃതജ്ഞത ! മംഗളം !! മഹാത്മാവേ !

*(ചാരുംമൂട് പി. ജി. എം. ദാസ്)*

*ദാഹിക്കുന്നവന് ജീവജലത്തിന്റെ ഉറവയിൽ നിന്ന് സൗജന്യമായി ഞാൻ കൊടുക്കും. (വെളി. 21.6)*

www.malankaralibrary.com

ജന്മപാപമില്ലാതെ ഉത്ഭവിച്ച മറിയമേ
നിന്നിൽ ആശ്രയിക്കുന്ന എനിക്കുവേണ്ടി പ്രാർത്ഥിക്കണമേ.



കർത്താവേ, ഞങ്ങളോടു കരുണയുണ്ടാകണമേ.
കർത്താവേ, ഞങ്ങൾക്കു ആത്മരക്ഷ നൽകണമേ.
അങ്ങയുടെ പ്രമാണങ്ങൾ പാലിക്കാൻ കൃപ തരണമെ.
അങ്ങയുടെ വചനത്താൽ ഞങ്ങളെ പുതുക്കണമേ.
അങ്ങയുടെ ആത്മവിനാൽ ഞങ്ങളെ നിറയ്ക്കേണമേ.
അങ്ങയോടൊത്തുള്ള പരമാനന്ദം ഞങ്ങൾക്കു നൽകണമേ.

www.malankaralibrary.com



# മനുഷ്യജീവിതത്തിന്റെ നീർച്ചാലുകൾ

ഡോ. ജോർജ്ജ് പ്ലാവിളയിൽ

ഗ്രന്ഥകാരന്റെ കൃതികൾ.

1. പാടുന്ന പൂങ്കുയിൽ (ഗാനസമാഹാരം)
2. മലങ്കര ദീപം (ഖണ്ഡകാവ്യം)
3. ആത്മാവിന്റെ ചിറകുകൾ (ആത്മീയ സൂക്തങ്ങൾ)

"ദൈവസാന്നിദ്ധ്യത്തിലേക്ക് മനുഷ്യമനസ്സിനേയും ഹൃദയത്തേയും ഉയർത്തുന്നതിനുതകുന്ന ചിന്തകളാണ് ഈ കൃതിയുടെ ഓരോ അദ്ധ്യായവും."

*-സിറിൽ മാർ ബസേലിയോസ് മെത്രാപ്പോലീത്താ-*

4. സ്വർണ്ണ വീണ

"എല്ലാ മനുഷ്യരിലും ഉത്കൃഷ്ട ചിന്തകൾ അങ്കുരിപ്പിക്കാനും പരിപോഷിപ്പിക്കാനും ഈ ഗ്രന്ഥം സഹായിക്കും".

*- ഡോക്ടർ ജെ. കട്ടയ്ക്കൽ-*

5. മുൾപ്പടർപ്പിലെ അഗ്നിപുഷ്പം

"ദൈവ വചനദർശനത്തേയും സാഹിത്യദർശനത്തേയും സമ്മേളിപ്പിക്കുന്ന ഗ്രന്ഥകാരന്റെ ദർശനമാണ് ഈ പുസ്തകം".

*-പ്രൊഫ. ഡാനിയേൽ അയ്യനേത്ത്-*

6. നിലയ്ക്കാത്ത താളം

"അവന്റെ കാലൊച്ച താളമായിരുന്നു
അവന്റെ ശബ്ദം സപ്തസ്വരങ്ങളായിരുന്നു".

7. സ്വർഗ്ഗതാളം ഈ തീരത്ത്

"ഭൂമി സ്വർഗ്ഗതാളത്താൽ ധന്യമായ അനുഭവത്തെയാണ് ഗ്രന്ഥകാരൻ പ്രതിപാദിക്കുന്നത്".

*-ഫിലിപ്പോസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്താ-*

8. മനുഷ്യ ജീവിതത്തിന്റെ നീർച്ചാലുകൾ

"വി. കുർബ്ബാനയിൽ സജീവമായി പങ്കുകൊള്ളുന്നതിന് ഈ ഗ്രന്ഥം ഉപകരിക്കും".

*-സിറിൽ മാർ ബസേലിയോസ് മെത്രാപ്പോലീത്താ-*

*Printed at:* **ABLE PRINTING PRESS PVT. LTD.**
Pathanamthitta, Phone: 323127/321327

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com